24
2021
ഓഗസ്റ്റ്
ചൊവ്വ
1197
ചിങ്ങം 8

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-3, Issue No. 140 Page 4, | Price: Rs. 2 | പുസ്തകം-3 ലക്കം-140 | പേജ് 4. വില 2.00 രൂപ




02 ഗുരുസന്ദേശം ലോകത്തിന്റെ നാനാദിക്കിലും എത്തിക്കണം: മുഖ്യമന്ത്രി
03 സംസ്ഥാനത്ത് ഇന്ന് 13,383 പേർക്ക് കോവിഡ്; ടിപിആർ 15.63
04 ഓണക്കാലത്ത് കൺസ്യൂമർ ഫെഡിന് റെക്കോർഡ് വിൽപ്പന

# നാലാഴ്ച അതീവ ജാഗ്രത വേണം: ആരോഗ്യമന്ത്രി



സംസ്ഥാനത്ത് ഈ നാലാഴ്ച അതീവ ജാഗ്രത വേണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. കോവിഡ് സ്ഥിതി വിലയിരുത്താൻ ആരോഗ്യ വകുപ്പിന്റെ അടിയന്തര യോഗം ചൊവ്വാഴ്ച രാവിലെ വിളിച്ചിട്ടുണ്ട്. കോവിഡ് കാലത്താണ് മറ്റൊരു ഓണക്കാലം കൂടിയെത്തിയത്. എല്ലാക്കാലത്തും അടച്ചിടാൻ സാധിക്കില്ല. ജീവനും ജീവിതോപാധിയും ഒരുപോലെ സംരക്ഷിക്കാനുള്ള പരിശ്രമത്തിലാണ് സർക്കാർ. അതിനാലാണ് കടകൾക്കും കച്ചവട സ്ഥാപനങ്ങൾക്കുമുള്ള നിയന്ത്രണങ്ങൾ കുറച്ചത്. എന്നാൽ കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കണമെന്ന് എല്ലാവർക്കും നിർദേശം നൽകിയിരുന്നു. കുറേപേർ അത് പാലിച്ചു. എന്നാൽ പലയിടങ്ങളിലും ആൾത്തിരക്കുണ്ടാകുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്. അതീവ വ്യാപനശേഷിയുള്ള ഡെൽറ്റ വൈറസിന്റെ വലിയ ഭീഷണിയിലാണ് പല പ്രദേശങ്ങളും. മാത്രമല്ല മൂന്നാം തരംഗത്തിന്റെ ഭീഷണിയുമുണ്ട്. ഓണാവധി കഴിഞ്ഞ് സ്ഥാപനങ്ങളും ഓഫീസുകളും തുറക്കുമ്പോൾ എല്ലാവരും അതീവ ജാഗ്രത പാലിക്കണമെന്ന് മന്ത്രി വ്യക്തമാക്കി.

മൂന്നാംതരംഗം മുന്നിൽ കണ്ട് ആരോഗ്യ വകുപ്പ് വളരെ നേരത്തെ മുന്നൊരുക്കങ്ങൾ ആരംഭിച്ചിരുന്നു. താലൂക്ക് തലംമുതലുള്ള ആശുപത്രികളിൽ ഓക്സിജൻ കിടക്കകളും ഐ.സി.യു.വും സജ്ജമാക്കി വരുന്നു. വെന്റിലേറ്ററുകളുടെ എണ്ണവും വർധിപ്പിച്ചു. ജില്ലാ ജനറൽ ആശുപത്രികളിലെ ഐ.സി.യു.കളെ മെഡിക്കൽ കോളേജുകളുമായി ഓൺലൈനായി ബന്ധിപ്പിക്കും. പീഡിയാട്രിക് ചികിത്സാ സംവിധാനങ്ങൾ വർധിപ്പിച്ചു വരുന്നു. 490 ഓക്സിജൻ സജ്ജീകരണമുള്ള പീഡിയാട്രിക് കിടക്കകൾ, 158 എച്ച്.ഡി.യു. കിടക്കകൾ, 96 ഐ.സി.യു. കിടക്കകൾ എന്നിങ്ങനെ ആകെ 744 കിടക്കകളാണ് കുട്ടികൾക്കായി സജ്ജമാക്കുന്നത്.

ഓക്സിജന്റെ ലഭ്യത ഉറപ്പ് വരുത്താൻ പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. സംസ്ഥാനത്ത് ആകെ 870 മെട്രിക് ടൺ ഓക്സിജൻ കരുതൽ ശേഖരമുണ്ട്. നിർമ്മാണ കേന്ദ്രങ്ങളിൽ 500 മെട്രിക് ടണും കെ.എം.എസ്.സി.എൽ. ബഫർ സ്റ്റോക്കായി 80 മെട്രിക് ടണും ഓക്സിജൻ കരുതിയിട്ടുണ്ട്. ഇതുകൂടാതെ ആശുപത്രികളിൽ 290 മെട്രിക് ടൺ ഓക്സിജനും കരുതൽ ശേഖരമായിട്ടുണ്ട്. 33 ഓക്സിജൻ ജനറേഷൻ യൂണിറ്റുകളാണ് സജ്ജമാക്കി വരുന്നത്. ഇതിലൂടെ 77 മെട്രിക് ടൺ ഓക്സിജൻ അധികമായി നിർമ്മിക്കാൻ സാധിക്കും. ഇതിൽ 9 എണ്ണം പ്രവർത്തന സജ്ജമായി. സംസ്ഥാന സർക്കാർ വിവിധ ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന 38 ഓക്സിജൻ ജനറേഷൻ യൂണിറ്റുകൾ സ്ഥാപിക്കാൻ നടപടികൾ പുരോഗമിക്കുകയാണ്. ഇതിന് പുറമേ സർക്കാരിന്റെ നിർദേശപ്രകാരം 13 മെട്രിക് ടൺ ഓക്സിജൻ പ്രതിദിനം നിർമ്മിക്കാനുള്ള ഓക്സിജൻ ജനറേഷൻ സിസ്റ്റം സ്വകാര്യ ആശുപത്രികളിൽ സ്ഥാപിച്ചു.

മുതിർന്നവരെ പോലെ കുട്ടികൾക്കും കോവിഡ് ബാധിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. വീട്ടിൽ ഒരാൾക്ക് രോഗം വന്നാൽ അത് സ്വാഭാവികമായും വീട്ടിലുള്ള മറ്റുള്ളവരിലേക്ക് വ്യാപിക്കുന്ന അവസ്ഥയാണുള്ളത്. അതിനാൽ നിർബന്ധമായും ക്വാറന്റൈൻ വ്യവസ്ഥകൾ പാലിക്കണം. വയോജനങ്ങൾക്കും അനുബന്ധ രോഗമുള്ളവർക്കും രോഗം വന്നാൽ മൂർച്ഛിക്കാൻ സാധ്യതയുണ്ട്. അടച്ചിട്ട സ്ഥലങ്ങൾ കോവിഡ് വ്യാപനത്തിന് കാരണമാണ്. സ്ഥാപനങ്ങളും ഓഫീസുകളും ജാഗ്രത പാലിക്കണം. ഭക്ഷണം കഴിക്കുമ്പോഴും കൈ കഴുകുമ്പോഴും ശ്രദ്ധിച്ചില്ലെങ്കിൽ രോഗം പടരാൻ സാധ്യതയുണ്ട്.

പരിശോധനകൾ പരമാവധി വർധിപ്പിക്കും. ചുമ, തൊണ്ടവേദന, പനി, ജലദോഷം, ശരീര വേദന, തലവേദന തുടങ്ങിയ രോഗലക്ഷണങ്ങളുണ്ടായാൽ യാത്ര നടത്താതെ കോവിഡ് പരിശോധന നടത്തി കോവിഡല്ലെന്ന് ഉറപ്പിക്കണം. മൂക്കും വായും ശരിയായി മൂടത്തക്ക വിധം ഡബിൾ മാസ്കോ എൻ 95 മാസ്കോ ധരിക്കണം. വ്യക്തികൾ തമ്മിൽ ചുരുങ്ങിയത് രണ്ട് മീറ്റർ അകലം പാലിക്കുകയും കൈകൾ ഇടയ്ക്കിടയ്ക്ക് സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുകയോ സാനിറ്റൈസർ ഉപയോഗിച്ച് അണു വിമുക്തമാക്കുകയോ ചെയ്യണം.

പരമാവധി പേർക്ക് വാക്സിൻ നൽകി സുരക്ഷിതമാക്കാനുള്ള ശ്രമത്തിലാണ് സർക്കാർ. വാക്സിൻ എടുത്തു എന്ന് കരുതി ആരും ജാഗ്രത കൈവിടരുത്. അടുത്ത കാലത്തുണ്ടായ പഠനങ്ങൾ സൂചിപ്പിക്കുന്നത് വാക്സിൻ എടുത്തവർ മുൻകരുതലുകളെടുത്തില്ലെങ്കിൽ അവരിലൂടെ ഡെൽറ്റ വകഭേദം കൂടുതലായി വ്യാപിക്കുമെന്നാണ്. അതിനാൽ എല്ലാവരും ശ്രദ്ധിക്കണമെന്നും മന്ത്രി വ്യക്തമാക്കി.



## മമ്മൂട്ടിയും മോഹൻലാലും യുഎഇ ഗോൾഡൻ വീസ സ്വീകരിച്ചു

അബുദാബി: യുഎഇ ഭരണകൂടത്തിൽ നിന്ന് ഗോൾഡൻ വീസ ഏറ്റുവാങ്ങി മലയാളത്തിൻറെ പ്രിയതാരങ്ങൾ.

മമ്മൂട്ടിയും മോഹൻലാലും അബുദാബി സാമ്പത്തിക വികസന വകുപ്പ് ചെയർമാൻ മുഹമ്മദ് അലി അൽ ഷോറാഫാ അൽ ഹമ്മാദിയിൽ നിന്നും ഗോൾഡൻ വീസ ഏറ്റുവാങ്ങി.

ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ.യൂസഫലിയും ചടങ്ങിൽ പങ്കെടുത്തു. ഇതാദ്യമായാണ് മലയാള സിനിമാ താരങ്ങൾക്ക് ഗോൾഡൻ വീസ ലഭിക്കുന്നത്. ഇരുവരും സിനിമ മേഖലയ്ക്ക് നൽകുന്ന സംഭാവന മഹത്തരമെന്ന് മുഹമ്മദ് അലി അൽ ഷോറാഫാ അൽ ഹമ്മാദി വ്യക്തമാക്കി.

## എല്ലാ തകരാറും ഉടൻ പരിഹരിക്കണം: അന്ത്യശാസനം നൽകി ധനമന്ത്രാലയം

ന്യൂഡൽഹി: ആദായ നികുതി പോർട്ടലിലെ സാങ്കേതിക തകരാറിൽ ഇൻഫോസിസിന് അന്ത്യശാസനം നൽകി കേന്ദ്ര ധനമന്ത്രാലയം. സെപ്റ്റംബർ 15നകം തകരാറുകൾ പരിഹരിക്കണമെന്നു ധനമന്ത്രാലയത്തിൽ ഹാജരായ ഇൻഫോസിസ് സിഇഒയോട് ധനമന്ത്രി നിർമല സീതാരാമൻ ആവശ്യപ്പെട്ടു.

തുടർച്ചയായ സാങ്കേതിക തകരാറിൽ ധനമന്ത്രി അതൃപ്തിയും അറിയിച്ചു. സാങ്കേതിക പ്രശ്നം തുടരുന്ന സാഹചര്യത്തിൽ സിഇഒയോട് നേരിട്ടെത്തി വിശദീകരിക്കാൻ മന്ത്രാലയം ആവശ്യപ്പെട്ടിരുന്നു. ഇ ഫയലിംഗ് പോർട്ടലിൻറെ സുഗമമായ പ്രവർത്തനത്തിനായി സാധ്യമായതെല്ലാം ചെയ്യുന്നുണ്ടെന്ന് സിഇഒ അറിയിച്ചു.

## ഇന്ന് 4.30 ലക്ഷം പേർക്ക് വാക്സിൻ നൽകി

### ■ സിറിഞ്ച് ക്ഷാമത്തിന് താത്ക്കാലിക പരിഹാരം; 20 ലക്ഷം സിറിഞ്ച് ലഭ്യമായി

തിരുവനന്തപുരം: സംസ്ഥാനത്ത് വാക്സിനേഷൻ യജ്ഞത്തിന്റെ ഭാഗമായി ഇന്ന് 4,29,618 പേർക്ക് വാക്സിൻ നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. 1,170 സർക്കാർ കേന്ദ്രങ്ങളും 343 സ്വകാര്യ കേന്ദ്രങ്ങളും ഉൾപ്പെടെ 1513 വാക്സിനേഷൻ കേന്ദ്രങ്ങളാണുണ്ടായിരുന്നത്. കോവിഡ് വ്യാപന പശ്ചാത്തലത്തിൽ പരമാവധി പേർക്ക് വാക്സിൻ നൽകി സുരക്ഷിതമാക്കാനാണ് ശ്രമിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

സംസ്ഥാനത്ത് ഒന്നും രണ്ടും ഡോസ് ഉൾപ്പെടെ 2,62,33,752 പേർക്ക് വാക്സിൻ നൽകിയിട്ടുണ്ട്. അതിൽ 1,92,89,777 പേർക്ക് ഒന്നാം ഡോസ് വാക്സിനും 69,43,975 പേർക്ക് രണ്ടാം ഡോസ് വാക്സിനുമാണ് നൽകിയത്. 2021ലെ പ്രൊജക്റ്റഡ് പോപ്പുലേഷനായ 3.54 കോടി അനുസരിച്ച് 54.49 ശതമാനം പേർക്ക് ഒന്നാം ഡോസും 19.62 ശതമാനം പേർക്ക് രണ്ടാം ഡോസും നൽകി. 18 വയസിന് മുകളിലുള്ള ജനസംഖ്യയനുസരിച്ച് 67.21 ശതമാനം പേർക്ക് ഒന്നാം ഡോസും 24.20 ശതമാനം പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ സിറിഞ്ച് ക്ഷാമത്തിന് താത്ക്കാലിക പരിഹാരമായിട്ടുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ ചെന്നൈയിൽ നിന്നും 15 ലക്ഷം സിറിഞ്ചും മുംബൈയിൽ നിന്നും 5 ലക്ഷം സിറിഞ്ചും ലഭ്യമായിട്ടുണ്ട്.

## ബിജെപി ബ്രിട്ടീഷുകാരെക്കാൾ മോശമാണെന്ന് കെ. മുരളീധരൻ

തിരുവനന്തപുരം: ബ്രിട്ടീഷുകാരെക്കാൾ മോശമാണ് ബിജെപിയെന്ന് കെ. മുരളീധരൻ എംപിയുടെ വിമർശനം. ഭിന്നിപ്പിച്ച് ഭരണം പിന്തുടരാനാണ് മോദി സർക്കാർ ശ്രമിക്കുന്നതെന്നും മുരളീധരൻ പറഞ്ഞു.

ചരിത്രം മാറ്റിയെഴുതാനാണ് ബിജെപി സർക്കാരിൻറെ നീക്കം. ഇതു രാജ്യത്തെ ജനങ്ങൾ ഒരിക്കലും പൊറുക്കില്ല. ഖിലാഫത്ത് പ്രക്ഷോഭത്തിൻറെ ഭാഗമാണ് മലബാർ വിപ്ലവം. മാപ്പെഴുതിക്കൊടുത്ത് രക്ഷപ്പെട്ടവർ രക്തസാക്ഷികളെ അപമാനിക്കുകയാണെന്നും മുരളീധരൻ പറഞ്ഞു.

## റോഡ് തടഞ്ഞുള്ള കർഷക സമരം പാടില്ലെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: റോഡ് തടഞ്ഞുള്ള കർഷക സമരം പാടില്ലെന്ന് സുപ്രീം കോടതി. സമരം നടത്താൻ കർഷകർക്ക് അവകാശമുണ്ട്. അതേസമയം ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം തടസപ്പെടുത്തരുതെന്നും പൊതുഹർജിയിൽ കോടതി അഭിപ്രായപ്പെട്ടു.

കർഷകർക്ക് സമരം ചെയ്യാൻ അവകാശമുണ്ടെങ്കിലും റോഡ് അനിശ്ചിത കാലത്തേക്ക് തടഞ്ഞ് സമരം തുടരുന്നത് അംഗീകരിക്കാനാകില്ല. സർക്കാർ ഒരു പോംവഴി കണ്ടെത്തണമെന്നും കോടതി ആവശ്യപ്പെട്ടു. ജസ്റ്റിസ് എസ്കെ കൗൾ അധ്യക്ഷനായ കോടതിയുടേതാണ് നിർദേശം.

## രണ്ടാം കവർച്ചയ്ക്കിടെ മോഷ്ടാവിനെ കീഴ്പ്പെടുത്തി ലോറിഡ്രൈവർ

മരട്: ദേശീയപാത നെട്ടൂരിൽ ലോറി ഡ്രൈവറെ ആക്രമിച്ച് പണം കവർന്ന രണ്ടു പേർ പിടിയിലായി. പനങ്ങാട് പുത്തൻ തറയിൽ അഖിൽ (23), ചിറ്റാനപ്പറമ്പിൽ അമൽ (22) എന്നിവരെയാണ് പനങ്ങാട് പോലീസ് അറസ്റ്റു ചെയ്തത്. പുലർച്ചെ ലോറി ഡ്രൈവറെ ആക്രമിച്ച് പണവുമായി മുങ്ങിയ സംഘം വീണ്ടും എത്തി ആക്രമണം നടത്തുന്നതിനിടെ ഡ്രൈവർ ഇവരിൽ ഒരാളെ ബലപ്രയോഗത്തിലൂടെ കീഴ്പ്പെടുത്തുകയായിരുന്നു.

ഇന്നലെ പുലർച്ചെ ഒന്നോടെ നെട്ടൂരിൽ ടോയ് പാർക്കിനു സമീപമായിരുന്നു സംഭവം. ദേശീയ പാതയോരത്ത് നിർത്തിയിട്ട ലോറിയിൽ ഉറങ്ങുകയായിരുന്ന തമിഴ്നാട് തഞ്ചാവൂർ സ്വദേശി സേതുവിനെ ആക്രമിച്ചാണ് സംഘം പണം കവർന്നത്. തമിഴ്നാട്ടിൽനിന്നു നെട്ടൂരിലെ പൈപ്പ് കടയിൽ ലോഡുമായെത്തിയതായിരുന്നു ഡ്രൈവർ.

രാത്രി വാഹനത്തിൽ ഉറങ്ങുന്നതിനിടെ ആക്രമികളിലൊരാൾ ഇയാളെ തട്ടിവിളിക്കുകയും മൊബൈൽ ഫോണും പണവും ആവശ്യപ്പെടുകയും ചെയ്തു. ഇത് എതിർത്ത ഡ്രൈവറെ ആക്രമിച്ച് 1,000 രൂപയുമായി അക്രമികൾ മുങ്ങി. പിന്നീട് ഇതേസംഘം തന്നെ പുലർച്ചെ നാലോടെ വീണ്ടുമെത്തുകയും കൂടുതൽ പണം ആവശ്യപ്പെടുകയും ചെയ്തു. പണം ലഭിക്കാതെ വന്നതിനെത്തുടർന്ന് ഡ്രൈവറെ വീണ്ടും ആക്രമിക്കുകയും ലോറിയുടെ മുന്നിലെ ഗ്ലാസ് തല്ലിത്തകർക്കുകയും ചെയ്തു. രക്ഷപ്പെടാൻ ശ്രമിച്ച അക്രമികളിലൊരാളെ ലോറി ഡ്രൈവർ പിടിച്ചുവച്ചു. സംഭവസമയം അതുവഴി പോയവരും നാട്ടുകാരും പോലീസിനെ വിവരം അറിയിക്കുകയും പനങ്ങാട് പോലീസ് സ്ഥലത്തെത്തി പ്രതിയെ അറസ്റ്റ് ചെയ്യുകയുമായിരുന്നു.

## തിങ്കളാഴ്ച 13,383 പേർക്ക് കോവിഡ്; 21,942 പേർ രോഗമുക്തി നേടി

കേരളത്തിൽ തിങ്കളാഴ്ച 13,383 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. തൃശൂർ 1828, കോഴിക്കോട് 1633, എറണാകുളം 1566, പാലക്കാട് 1503, മലപ്പുറം 1497, കൊല്ലം 1103, തിരുവനന്തപുരം 810, ആലപ്പുഴ 781, കണ്ണൂർ 720, കോട്ടയം 699, വയനാട് 378, പത്തനംതിട്ട 372, കാസർഗോഡ് 257, ഇടുക്കി 236 എന്നിങ്ങനേയാണ് ജില്ലകളിൽ രോഗബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 85,650 സാമ്പിളുകളാണ് പരിശോധിച്ചത്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 15.63 ആണ്. റുട്ടീൻ സാമ്പിൾ, സെന്റിനൽ സാമ്പിൾ, സിബി നാറ്റ്, ട്രൂനാറ്റ്, പി.ഒ.സി.ടി. പി.സി.ആർ., ആർ.ടി. എൽ.എ.എം.പി., ആന്റിജൻ പരിശോധന എന്നിവ ഉൾപ്പെടെ ഇതുവരെ 3,03,19,067 ആകെ സാമ്പിളുകളാണ് പരിശോധിച്ചത്.

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 90 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 19,584 ആയി.

രോഗം സ്ഥിരീകരിച്ചവരിൽ 39 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 12,492 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 771 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. തൃശൂർ 1814, കോഴിക്കോട് 1601, എറണാകുളം 1531, പാലക്കാട് 1010, മലപ്പുറം 1457, കൊല്ലം 1098, തിരുവനന്തപുരം 740, ആലപ്പുഴ 768, കണ്ണൂർ 639, കോട്ടയം 629, വയനാട് 372, പത്തനംതിട്ട 352, കാസർഗോഡ് 252, ഇടുക്കി 229 എന്നിങ്ങനെയാണ് സമ്പർക്കത്തിലൂടെ രോഗം ബാധിച്ചത്.

81 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്. കണ്ണൂർ 25, പാലക്കാട് 13, തൃശൂർ 10, പത്തനംതിട്ട 7, തിരുവനന്തപുരം, എറണാകുളം, വയനാട് 5 വീതം, കൊല്ലം, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് 2 വീതം, ആലപ്പുഴ, കോട്ടയം, ഇടുക്കി 1 വീതം ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 21,942 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 601, കൊല്ലം 1549, പത്തനംതിട്ട 629, ആലപ്പുഴ 1044, കോട്ടയം 786, ഇടുക്കി 484, എറണാകുളം 4553, തൃശൂർ 2117, പാലക്കാട് 2055, മലപ്പുറം 3175, കോഴിക്കോട് 2527, വയനാട് 706, കണ്ണൂർ 1170, കാസർഗോഡ് 546 എന്നിങ്ങനേയാണ് രോഗമുക്തിയായത്. ഇതോടെ 1,54,563 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 36,53,008 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 4,71,921 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 4,45,342 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിലും 26,579 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 1647 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (WIPR) അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണ പ്രദേശങ്ങളെ തരംതിരിച്ചിട്ടുണ്ട്. 74 തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലായി 414 വാർഡുകളാണ് ഡബ്ല്യു.ഐ.പി.ആർ. എട്ടിന് മുകളിലുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

## അഫ്ഗാനിൽ കുടുങ്ങിയ മലയാളി കന്യാസ്ത്രിയെ താജിക്കിസ്ഥാനിൽ എത്തിച്ചു

ഡൽഹി: അഫ്ഗാനിസ്ഥാനിൽ കുടുങ്ങിയ മലയാളി കന്യാസ്ത്രി സിസ്റ്റർ തെരേസ ക്രാസ്റ്റ ഉൾപ്പെടെ 80 പേരടങ്ങുന്ന ഇന്ത്യൻ സംഘത്തെ താജിക്കിസ്ഥാനിൽ എത്തിച്ചു. അമേരിക്കൻ വിമാനത്തിലാണ് ഇവരെ എത്തിച്ചത്. ഇവരെ അടുത്ത ദിവസം തന്നെ ഇന്ത്യയിലേക്ക് എത്തിക്കും. ഇറ്റാലിയൻ സ്കൂളിലെ അധ്യാപിക ആയിരുന്നു കാസർഗോഡ് സ്വദേശിയായ സിസ്റ്റർ തെരേസ ക്രസ്റ്റ.

അതേസമയം, അഫ്ഗാനിസ്ഥാനിൽ കുടുങ്ങിയ ഇന്ത്യക്കാരുമായി കൂടുതൽ വിമാനങ്ങൾ ചൊവ്വാഴ്ച എത്തുമെന്നാണ് വിവരം. താജിക്കിസ്ഥാനിലേക്ക് മാറ്റിയവർ ഉൾപ്പെടെ ഇക്കൂട്ടത്തിൽ ഉൾപ്പെടും. ഈ മാസം 15ന് താലിബാൻ കാബൂൾ കീഴടക്കിയത് മുതൽ ആരംഭിച്ച രക്ഷാദൗത്യമാണ് അന്തിമഘട്ടത്തിലേക്ക് അടുക്കുന്നത്.

# ഡിജിറ്റൽ സംവിധാനം ഉപയോഗിച്ച് നാലു വർഷത്തിൽ സംസ്ഥാനത്ത് റീസർവേ നടപടി പൂർത്തിയാക്കും: റവന്യു മന്ത്രി

ഡിജിറ്റൽ സംവിധാനം ഉപയോഗിച്ച് നാലു വർഷത്തിൽ സംസ്ഥാനത്ത് റീസർവേ നടപടികൾ പൂർത്തിയാക്കുമെന്ന് റവന്യു മന്ത്രി കെ. രാജൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. 1550 വില്ലേജുകളിൽ ഡിജിറ്റൽ റീസർവേ നടത്തുന്നതിനായി 807.98 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നാലു ഘട്ടങ്ങളായാവും ഡിജിറ്റൽ റീസർവേ നടത്തുക. ആദ്യ ഘട്ടത്തിൽ 400 വില്ലേജുകളിൽ റീസർവേ നടത്തുന്നതിന് 339.438 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിന് 156.173 കോടി രൂപയും മൂന്നാം ഘട്ടത്തിന് 156.189 കോടി രൂപയും നാലാം ഘട്ടത്തിൽ 156.186 കോടി രൂപയുടെയും ഭരണാനുമതി നൽകി. കണ്ടിന്യൂവസ്‌ലി ഓപ്പറേറ്റിംഗ് റഫറൻസ് സ്‌റ്റേഷൻ (കോർസ്), റിയൽ ടൈം കൈനമാറ്റിക് (ആർ. ടി. കെ), ഡ്രോൺ, ലിഡാർ, ഇ. ടി. എസ് തുടങ്ങിയ സാങ്കേതിക വിദ്യകൾ ഭൂമിയുടെ പ്രത്യേകതയ്ക്കനുസരിച്ച് ഇതിനായി ഉപയോഗിക്കും. ഒരു വില്ലേജിൽ കോർസ് സംവിധാനം ഉപയോഗിച്ച് അഞ്ചര മാസം കൊണ്ട് റീസർവേ നടപടി പൂർത്തിയാക്കാനാകുമെന്നാണ് കരുതുന്നത്. കോർസ്, ഡ്രോൺ സംവിധാനങ്ങൾ ഉപയോഗിക്കുമ്പോൾ ഒരു സർവയറുടെയും ഒരു ഹെൽപറുടേയും സേവനം മതിയെന്ന പ്രത്യേകതയുമുണ്ട്. ഒരു ടീമിന് നാലു ഹെക്ടർ വരെ സ്ഥലം കോർസ് സംവിധാനം ഉപയോഗിച്ച് ഒരേ സമയം സർവേ ചെയ്യാനാവും. 87 വില്ലേജുകളിൽ നേരത്തെ തന്നെ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. അവകാശ രേഖ ലഭ്യമാക്കൽ, ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് ഏകീകൃതമായ അവകാശ രേഖ, ഓൺലൈൻ സേവനങ്ങൾ, ഭൂമിയുമായി ബന്ധപ്പെട്ട കാലങ്ങളായി നിൽക്കുന്ന പ്രശ്നങ്ങൾ തീർപ്പാക്കൽ, കൃത്യമായ ഭൂരേഖകളും സ്കെച്ചുകളും ലഭ്യമാക്കുക എന്നിങ്ങനെയുള്ള നേട്ടം ഇതിലൂടെ ജനങ്ങൾക്കുണ്ടാകും. ജിയോ കോഓർഡിനേറ്റ് അടിസ്ഥാനമാക്കിയുള്ള മാപ്പിന്റെ സഹായത്താൽ ദുരന്തനിവാരണവും അതിജീവനക്ഷമതാ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കാനും പദ്ധതികൊണ്ട് സാധിക്കുമെന്ന് മന്ത്രി പറഞ്ഞു. സർവേ ഓഫ് ഇന്ത്യ, കേരള റീജ്യണൽ ഡയറക്ടറുടെ സാങ്കേതിക സഹായത്തോടെ സംസ്ഥാന സർവേ ആന്റ് ലാൻഡ് റെക്കോഡ്സ് വകുപ്പിനാണ് പദ്ധതിയുടെ നിർവഹണ ചുമതല. പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി സർവേ ഡയറക്ടറേറ്റിൽ ഒരു സംസ്ഥാനതല പദ്ധതി നിർവഹണ യൂണിറ്റ് രൂപീകരിക്കും. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല നിർവഹണ സമിതികളും രൂപീകരിക്കും. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതതല സമിതിയും പദ്ധതി നടത്തിപ്പ് വിലയിരുത്തി നിർദ്ദേശങ്ങൾ നൽകുന്നതിന് രൂപീകരിക്കുമെന്ന് മന്ത്രി പറഞ്ഞു.



ചതയദിനത്തിൽ ജില്ലാ ഭരണകൂടം ഓൺലൈൻ വഴി നടത്തിയ ഓണാഘോഷ പരിപാടി 'ഓണത്തുടി 2021'ൽ മന്ത്രി കെ. എൻ. ബാലഗോപാൽ ആശംസ കൈമാറുന്നു. ജില്ലാ കലക്ടർ ബി. അബ്ദുൽ നാസർ സമീപം

# ഗുരുസന്ദേശം ലോകത്തിന്റെ നാനാദിക്കിലും എത്തിക്കണം: മുഖ്യമന്ത്രി

ശ്രീനാരായണഗുരുവിന്റെ സന്ദേശം ലോകത്തിന്റെ നാനാദിക്കിലും എത്തിക്കണമെന്നും പുതിയ കാലത്തിനനുസരിച്ച് ഗുരുദർശനങ്ങളെ നവീകരിച്ച് സമൂഹത്തിൽ പ്രയോഗിക്കണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ശ്രീനാരായണ ഗുരു ജയന്തി ആഘോഷങ്ങളുടെ ഉദ്ഘാടന ചടങ്ങിൽ ഓൺലൈനായി പ്രസംഗിക്കുകയായിരുന്നു മുഖ്യമന്ത്രി.

ലോകത്തിന്റെ പല ഭാഗങ്ങളിലും വംശസ്പർദ്ധകളും വർഗീയ വിദ്വേഷങ്ങളും രക്തച്ചൊരിച്ചിലുകളും ഏറുകയാണ്. അയൽ രാജ്യങ്ങളിലൊന്നായ അഫ്ഗാനിസ്ഥാനിൽ വരെ സ്ഥിതി അങ്ങേയറ്റം കലുഷമാണ്. നമ്മുടെ രാജ്യത്തു തന്നെ വർഗീയ വിദ്വേഷം ഇടയ്ക്കിടെ ഭീകരമായ മാനങ്ങളോടെ തല പൊക്കുന്നു. മനുഷ്യരെയാകെ ഒന്നായി കാണണമെന്നും ഭേദചിന്ത അരുതെന്നുമുള്ള ഗുരുവിന്റെ സന്ദേശം ഉൾക്കൊണ്ടാൽ ഇതിനൊക്കെ അറുതി വരുത്താനാവും. ജാതിക്കും മതത്തിനും അതീതമായി മനുഷ്യത്വം ഉയർത്തിപ്പിടിച്ച് മുമ്പോട്ടുപോകാൻ കഴിയുമ്പോഴേ നാം ഗുരുവിനെ ആദരിക്കുന്നു എന്നു പറയാനാവൂ.

'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്നും 'മനുഷ്യാണാം മനുഷ്യത്വം ജാതി' എന്നും 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്നും ലോകത്തെ ഉപദേശിച്ച ശ്രേഷ്ഠനായ ഗുരുവര്യനാണു നമുക്കുള്ളത്. ഇങ്ങനെ മനുഷ്യരാശിക്കാകെ എക്കാലത്തേക്കും വേണ്ട ഉപദേശങ്ങൾ നൽകിയ ഋഷിവര്യൻ കേരളീയനാണ് എന്നത് കേരളത്തിന്റെയാകെ അഭിമാനമാണ്. 'മനുഷ്യത്വമാണ് മനുഷ്യന്റെ ജാതി' എന്നു മനസ്സിലുറപ്പിക്കാൻ കഴിഞ്ഞാൽ ജാതിയുടെയോ മതത്തിൻറെയോ വംശത്തിൻറെയോ പേരിൽ വാളെടുക്കാൻ ആർക്കും കഴിലില്ല. ഇവിടെയാണു ഗുരുസന്ദേശം ലോകത്തെ ഗുരുതരമായ സാമൂഹിക പ്രശ്നങ്ങൾക്കുള്ള പരിഹാരസ്വരമാവുന്നത്.

ഗുരുവിനെയും ഗുരുസന്ദേശങ്ങളെയും മറന്നുകൊണ്ട് നമുക്കു മുന്നോട്ടു പോകാനാവില്ലെന്ന തിരിച്ചറിവ് സർക്കാരിന്റെ നടപടികളിൽ കാണാം.

ഗുരുവിന്റെ 'ജാതിയില്ലാ വിളംബര'ത്തിനു നൂറ്റഞ്ചു വർഷമാവുകയാണ്. ആ വിളംബരത്തിന്റെ നൂറാം വയസ്സ് കേരളമാകെ അതിഗംഭീരമായി സർക്കാരിന്റെ ആഭിമുഖ്യത്തിൽ നാം ആഘോഷിച്ചു. 1916 ലാണല്ലൊ ചരിത്ര പ്രാധാന്യമുള്ള ആ വിളംബരം വന്നത്. നാം പ്രത്യേക ജാതിയിലോ മതത്തിലോ ഉൾപ്പെടുന്നില്ല എന്ന വാക്കുകളായിരുന്നു അതിന്റെ സത്ത. ആ പ്രാധാന്യം ഏറെ വർദ്ധിച്ചു വരുന്ന ഘട്ടമാണിത് എന്നും നമുക്കറിയാം.

ഗുരുവിന്റെ 'ദൈവദശക'ത്തിന്റെ കാര്യത്തിലും വലിയ ആഘോഷം നാം നടത്തി. ദൈവദശകം ഒരു പ്രാർത്ഥനയാണ്. പ്രാർത്ഥനകൾ പൊതുവിൽ ഏതെങ്കിലും ഒരു മതത്തിന്റെ പ്രതീകങ്ങൾ ഉൾക്കൊള്ളുന്നവയാവും. എന്നാൽ, ദൈവദശകം അങ്ങനെയല്ല. എല്ലാ മതക്കാർക്കും ഒരു പോലെ അംഗീകരിക്കാൻ കഴിയുന്ന ഉള്ളടക്കമാണ് അതിലുള്ളത്. അതുകൊണ്ടുതന്നെ കേരളത്തിലെ ഒരു സമൂഹ പ്രാർത്ഥനയായി അതു മാറി.

തിരുവനന്തപുരത്ത് ഗുരുവിന്റെ പ്രതിമ സ്ഥാപിച്ചു. കേരളത്തിലെ ആദ്യ ഓപ്പൺ സർവകലാശാല സ്ഥാപിക്കുമ്പോൾ ശ്രീനാരായണ ഗുരുവിന്റെ പേരിലാക്കാൻ രണ്ടുതവണ ആലോചിക്കേണ്ടിവന്നില്ല.

ഇതിനും പുറമേയാണ് ചെമ്പഴന്തിയിൽ കൺവെൻഷൻ സെൻറർ നിർമിച്ചത്. ഒറീസയിലെ സ്തൂപക്ഷേത്ര മാതൃകയിലാണ് കൺവെൻഷൻ സെൻറർ പണികഴിപ്പിച്ചത്. ഗുരുവിന്റെ ജീവചരിത്രവും സംഭാവനകളും വ്യക്തമാക്കുന്ന ആദ്യത്തെ ഡിജിറ്റൽ മ്യൂസിയം ഇവിടെ വേണമെന്നു നിശ്ചയിച്ചതു ഗുരുവിന്റെ സന്ദേശത്തിന്റെ മൂല്യം നന്നായി അറിയുന്നതുകൊണ്ടാണ്. ഗുരു അരുവിപ്പുറത്തു പ്രതിഷ്ഠ നടത്തി. അതിന്റെ മൂല്യം ഉൾക്കൊണ്ടുകൊണ്ട് ഈ സർക്കാർ ശ്രീകോവിലിലേക്കു പൂജയ്ക്കായി ജാതിഭേദം നോക്കാതെ മനുഷ്യരെ കയറ്റി.

ഗുരുവിന്റെ വേറിട്ട വ്യക്തിത്വവും മനസ്സും മനസ്സിലാക്കാനുള്ള ശ്രമങ്ങൾ ഉണ്ടാവണം. ആധ്യാത്മിക രംഗത്ത് പ്രവർത്തിച്ച ഗുരുക്കൻമാർ നമുക്ക് ധാരാളമുണ്ട്. എന്നാൽ, ആ പ്രവർത്തനത്തെ ജൻമനാടിൻറെ ചരിത്രം തന്നെ വിജയകരമായി മാറ്റിയെഴുതാനുള്ള ആയുധമാക്കിയ ഒരാളേയുള്ളൂ. അത് ശ്രീനാരായണഗുരുവാണ്.

മനുഷ്യത്വം തൊട്ടുതെറിച്ചിട്ടില്ലാത്ത ആ സാമൂഹ്യാവസ്ഥയിലാണ് മനുഷ്യത്വത്തിന്റെ മഹത്തായ സന്ദേശങ്ങളുമായി ശ്രീനാരായണ ഗുരു ഇടപെട്ടത്. 'സംഘടന കൊണ്ട് ശക്തരാവുക' എന്ന ഗുരുവിന്റെ സന്ദേശം ഈഴവ സമുദായത്തിൽ മാത്രമല്ല, കേരളത്തിലാകെ ആ മാറ്റത്തിന്റെ കാറ്റുപടർന്നു. ശ്രീനാരായണ ചിന്ത ഈഴവ സമുദായത്തിലുളവാക്കിയ പുതിയ ബോധത്തിൻറെ ഉണർവ് ഇതര സമുദായങ്ങളിലേക്കും പിൽക്കാലത്ത് പടർന്നു. നമ്പൂതിരി സമുദായത്തിലെ ആചാര ജീർണതകൾ അവസാനിപ്പിക്കാൻ യോഗക്ഷേമസഭയുണ്ടായി. നായർ സമുദായത്തിൽ എൻ.എസ്.എസ് ഉണ്ടായി. ഇതിൻറെയൊക്കെ പിന്നിൽപോലും ശ്രീനാരായണഗുരുവിൻറെ ചിന്തകളുളവാക്കിയ പ്രചോദനത്തിന്റെ ശക്തിയുണ്ട്.

സ്വാമി സംഘടനയുണ്ടാക്കിയപ്പോൾ ആ സംഘടനയ്ക്ക് ഒരു ജാതിയുമായി ബന്ധപ്പെട്ട പേര് നൽകുകയല്ല ചെയ്തത്. മറിച്ച് ഒരു ജാതിയുടെയും പേരുപറയാതെ ശ്രീനാരായണധർമത്തിന്റെ പേര് നൽകുകയാണ് ചെയ്തത്. സർവമത സമ്മേളനം എന്ന സങ്കൽപ്പം മുന്നോട്ടുവയ്ക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്തു ശ്രീനാരായണഗുരു.

ചാതുർവർണ്യത്തിന്റെ തേർവാഴ്ചയിൽ ഞെരിഞ്ഞമർന്നുകിടന്നിരുന്ന ഒരു സമൂഹത്തെ ആത്മാഭിമാനം പകർന്ന് ഉയർത്തിയെടുക്കുകയും നവോത്ഥാനത്തിന്റെ വെളിച്ചത്തിലൂടെ നയിച്ച് ഉയർത്തിക്കൊണ്ടുവരികയുമാണ് അദ്ദേഹം ചെയ്തത്. അങ്ങനെ കേരളത്തിന്റെയാകെ സാമൂഹിക മുഖച്ഛായ മാറ്റിയെടുക്കുകയാണു ഗുരു ചെയ്തത്.

ഒരുവശത്ത സാമുദായികമായ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെയുള്ള പ്രവർത്തനം. മറുവശത്ത് മദ്യപാനം പോലുള്ള ദുസ്വഭാവങ്ങൾക്കെതിരെയുള്ള പ്രവർത്തനം. ഇനിയുമൊരു വശത്ത് വിദ്യാഭ്യാസത്തിനുവേണ്ടിയും സ്വാശ്രയത്വത്തിനുവേണ്ടിയുമുള്ള പ്രവർത്തനം. ഈ മൂന്ന് പ്രവർത്തനപഥങ്ങളെ സമന്വയിപ്പിച്ചു ശ്രീനാരായണ ഗുരു. ഇത് കാണാതെ ഗുരുവിനെ ആത്മീയതയുടെ അന്വേഷകൻ മാത്രമായി പരിമിതപ്പെടുത്തിക്കാണരുത്. ഈ സമൂഹത്തെ മാറ്റിമറിക്കാൻ സന്ദേശങ്ങൾ കൊണ്ടും പ്രവൃത്തികൾ കൊണ്ടും ഇടപെടുകയായിരുന്നു ഗുരു.

ഇന്ത്യൻ മതനിരപേക്ഷതയ്ക്കുമേൽ വർഗീയതയുടെ കാർമേഘങ്ങൾ പടരുന്ന കാലമാണിത്. ഈ ഘട്ടത്തിൽ മതനിരപേക്ഷതയ്ക്കുവേണ്ടിയുള്ള പോരാട്ടങ്ങൾക്കായി പുനരർപ്പണം നടത്തുക എന്നതാണ് നമുക്ക് ചെയ്യാനുള്ളത്. മതനിരപേക്ഷ മൂല്യങ്ങൾ മുൻനിർത്തിയുള്ള പോരാട്ടങ്ങൾക്ക് വേണ്ടത്ര ഊർജം പകരുന്നരുണ്ട് ശ്രീനാരായണ ഗുരുവിന്റെ സ്മൃതികൾ. അതിൽനിന്ന് പ്രസരിക്കുന്ന മതാതീതമായ മാനവികതയുടെ സന്ദേശം ലോകത്താകെ പടരേണ്ടതുണ്ട്.

പുതിയ കാലത്തിനനുസരിച്ച് ഗുരുദർശനങ്ങളെ നവീകരിച്ചു, സമൂഹത്തിൽ പ്രയോഗിക്കണം. അതല്ലാതെ, ഗുരുദർശനങ്ങളെ സ്വാർത്ഥതാൽപര്യത്തിനനുസരിച്ച് സ്വകാര്യമായി ദുർവ്യാഖ്യാനം ചെയ്ത് അവതരിപ്പിക്കുകയല്ല വേണ്ടത്.

'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്' എന്നാണു ഗുരു പറഞ്ഞത്. ഇതു ലോകത്തെക്കുറിച്ച് ആകെതന്നെയാണ്. ആ ആഗ്രഹത്തെ ശക്തിപ്പെടുത്തി മുമ്പോട്ടുകൊണ്ടുപോവുകയാണ് ചതയദിനത്തിൽ വേണ്ടത്. അന്താരാഷ്ട്ര തലത്തിലേക്ക് ആ സന്ദേശം എത്തിക്കണം.

അനാചാരങ്ങളിൽനിന്നും അന്ധവിശ്വാസങ്ങളിൽനിന്നും ജാതീയമായ ഉച്ചനീചത്വങ്ങളിൽനിന്നും മുക്തമായ ഒരു കേരളത്തെ സൃഷ്ടിച്ചെടുക്കാനുള്ള പോരാട്ടങ്ങൾക്ക് എന്നും ഊർജം പകരും ഗുരുസ്മൃതിയും ചതയദിനാഘോഷങ്ങളുമെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

# കിംസ്ഹെൽത്ത് മെഡിക്കൽ സെൻറർ ആറ്റിങ്ങലിൽ പ്രവർത്തനം ആരംഭിച്ചു

തിരുവനന്തപുരം: ഗുണമേൻമയേറിയ ചികിത്സയും മികച്ച ചരിചരണവും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കിംസ്ഹെൽത്ത് മെഡിക്കൽ സെൻറർ ആറ്റിങ്ങലിൽ പ്രവർത്തനം ആരംഭിച്ചു.

അത്യാധുനിക രീതിയിൽ രാജ്യാന്തര നിലവാരത്തിൽ സജ്ജമാക്കിയ മെഡിക്കൽ സെൻററിൻകിംസ്ഹെൽത്ത് മെഡിക്കൽ സെൻററിലൂടെ മികച്ച ചികിത്സാ സേവനങ്ങൾ ആറ്റിങ്ങലിലെ ജനങ്ങൾക്ക് ലഭ്യമാകുമെന്ന് ശ്രീ. അടൂർ പ്രകാശ് പറഞ്ഞു.

ആരോഗ്യമേഖലയിൽ കൂടുതൽ വെല്ലുവിളികൾ നേരിടുന്ന ഇക്കാലയളവിൽ കിംസ്ഹെൽത്തിൻറെ കൂടുതൽ സൗകര്യങ്ങളും സേവനങ്ങളും ആറ്റിങ്ങലിൽ ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

കിംസ്ഹെൽത്ത് മെഡിക്കൽ സെൻററുകൾ പ്രവർത്തിക്കുന്ന പ്രദേശങ്ങളിലെ ജനങ്ങൾക്കെല്ലാം ഗുണമേൻമയേറിയ ചികിത്സ താങ്ങാവുന്ന നിരക്കിൽ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് കിംസ്ഹെൽത്ത് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ എം ഐ സഹദുള്ള പറഞ്ഞു. പ്രാഥമിക പരിചരണം ഉൾപ്പെടെ ഹോം കെയർ സേവനങ്ങളും മെഡിക്കൽ സെൻററുകളിലൂടെ ലഭ്യമാകും. വരുംവർഷങ്ങളിൽ രാജ്യാന്തര നിലവാരത്തിലുള്ള കൂടുതൽ മെഡിക്കൽ സെൻററുകൾ കേരളത്തിലുടനീളം ആരംഭിക്കും.

അപ്രകാരം ആശുപത്രി സന്ദർശനം ഒരുപരിധി വരെ ഒഴിവാക്കി പ്രാഥമിക ചികിത്സ ലഭ്യമാക്കുന്നതിനാണ് ഊന്നൽ നൽകുന്നതെന്നും അദ്ധ്യക്ഷ പ്രസംഗത്തിൽ അദ്ദേഹം വ്യക്തമാക്കി.

കിംസ്ഹെൽത്ത് എക്സിക്യൂട്ടീവ് ഡയറക്ടർ ഇ എം നജീബ് ചടങ്ങിൽ സ്വാഗതം ആശംസിച്ചു.

ഒ എസ് അംബിക എം എൽഎ, ആറ്റിങ്ങൽ മുനിസിപ്പൽ ചെയർപേഴ്സൺ അഡ്വ. എസ് കുമാരി, കൗൺസിലർ ശ്രീമതി സുധർമ്മ വി, ടെക്നോപാർക്ക് സ്ഥാപക സിഇഒയും ആസൂത്രണബോർഡ് മുൻ അംഗവുമായ ജി വിജയരാഘവൻ എന്നിവർ ആശംസകൾ അർപ്പിച്ചു.

കിംസ്ഹെൽത്ത് ഗ്രൂപ്പ് സിഒഒ ജെറി ഫിലിപ്പ് നന്ദി പറഞ്ഞു. ഇൻറേർണൽ മെഡിസിൻ, പീഡിയാട്രിക്സ്, ഇഎൻ റ്റി, ഡെർമറ്റോളജി, ഡെൻറൽ, ഗൈനക്കോളജി, ഫെർട്ടിലിറ്റി ക്ലിനിക്, ജനറൽ സർജറി, ഡയറ്റെറ്റിക്സ്, ഫിസിക്കൽ മെഡിസിൻ ചികിത്സാ വിഭാഗങ്ങളാണ് മെഡിക്കൽ സെൻററിൽ പ്രവർത്തിക്കുന്നത്.

ലബോറട്ടറി, ഫാർമസി, ഫിസിയോതെറാപ്പി, ഇസിജി, അൾട്രാസൗണ്ട് സ്കാൻ, ഒബ്സർവേഷൻ കിടക്കകൾ എന്നിവയും മുതിർന്നവർക്കും കുഞ്ഞുങ്ങൾക്കുമുള്ള വാക്സിനേഷൻ സേവനങ്ങളും സജ്ജമാക്കിയിട്ടുണ്ട്.

നഴ്സിംഗ്, ലബോറട്ടറി, ഫിസിയോതെറാപ്പി, ഇസിജി, മുതിർന്നവർക്കുള്ള പരിചരണം, മരുന്ന് വീട്ടിലെത്തിക്കൽ തുടങ്ങിയ ഹോം കെയർ സേവനങ്ങളും ലഭ്യമാണ്. ഇൻറേർണൽ മെഡിസിൻ, ഫാർമസി, ലബോറട്ടറി സേവനങ്ങൾ 24 മണിക്കൂറും ലഭ്യമാണ്.

# സിബിഐയെ സ്വതന്ത്രമാക്കണമെന്ന് മദ്രാസ് ഹൈക്കോടതി

ചെന്നൈ: സിബിഐയെ കൂട്ടിലടച്ച തത്തയാക്കി ഉപയോഗിക്കുന്ന കേന്ദ്ര സർക്കാരിനെതിരെ മദ്രാസ് ഹൈക്കോടതി. തെരഞ്ഞെടുപ്പ് കമ്മിഷനും സിഎജിയും പ്രവർത്തിക്കുന്നതുപോലെ സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം സിബിഐയ്ക്ക് നൽകണമെന്ന് മദ്രാസ് ഹൈക്കോടതിയുടെ മധുര ബെഞ്ച് ആവശ്യപ്പെട്ടു.

കേന്ദ്ര അന്വേഷണ ഏജൻസിയ്ക്ക് കൂടുതൽ അധികാരങ്ങളോടെ സ്വയംഭരണാവകാശം നൽകുന്നതിനായി പ്രത്യേക നിയമം നടപ്പിലാക്കുന്ന കാര്യം പരിഗണിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ഹൈക്കോടതി ആവശ്യപ്പെട്ടു. കൂട്ടിലടച്ച തത്തയെ സ്വതന്ത്രമാക്കാനുള്ള ശ്രമമാണിതെന്ന് ജസ്റ്റിസുമാരായ എൻ കൃപാകരൻ, ബി പുകഴേന്തി എന്നിവർ പറഞ്ഞു. കൂട്ടിലടച്ച തത്തയെന്ന് 2013ൽ സുപ്രീം കോടതിയാണ് സിബിഐയെ വിശേഷിപ്പിച്ചത്. സിബിഐയുടെ നിലവിലുള്ള ഘടന മാറ്റാനുള്ള 12 നിർദ്ദേശങ്ങളാണ് ഡിവിഷൻ ബെഞ്ച് നൽകിയത്.

പ്രത്യേക ബജറ്റ് വിഹിതം നൽകണമെന്നും ഹൈക്കോടതി നിർദ്ദേശിച്ചു. ചിട്ടി ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട് സിബിഐ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള പൊതുതാല്പര്യ ഹർജി പരിഗണിക്കുകയായിരുന്നു ഹൈക്കോടതി. എന്നാൽ തങ്ങൾ ജീവനക്കാരുടെ കുറവ് ഉൾപ്പെടെയുള്ള പരിമിതികൾക്കുള്ളിൽ നിന്നാണ് പ്രവർത്തിക്കുന്നതെന്ന് ചൂണ്ടിക്കാണിച്ച് സിബിഐ ഒരു അപേക്ഷ നൽകിയിരുന്നു. ഏതെങ്കിലും അന്വേഷണം ഏറ്റെടുക്കണമെന്നുള്ള ആവശ്യം ഉയരുമ്പോഴെല്ലാം സിബിഐ ഇത്തരത്തിൽ പരിമിതികൾ ചൂണ്ടിക്കാട്ടി ഒഴിഞ്ഞുമാറാൻ ശ്രമിക്കുകയാണെന്ന് കോടതി ചൂണ്ടിക്കാട്ടി. പരിമിതികൾ മറികടക്കാനുള്ള ശ്രമങ്ങൾക്കായി, കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിക്കണമെന്ന് സിബിഐ മേധാവിയോട് കോടതി ആവശ്യപ്പെട്ടു.

ഡിവിഷനുകൾ, വിഭാഗങ്ങൾ, ജീവനക്കാരുടെ എണ്ണം എന്നിവ വർധിപ്പിക്കുന്നത് സംബന്ധിച്ച് വിശദമാക്കുന്ന പ്രൊപ്പോസൽ ആറ് ആഴ്ചകൾക്കകം കേന്ദ്ര സർക്കാരിന് നൽകണമെന്നാണ് കോടതി ആവശ്യപ്പെട്ടിരിക്കുന്നത്.

പ്രൊപ്പോസൽ ലഭിച്ച് മൂന്നാഴ്ചയ്ക്കകം ഇതിനുള്ള ഉത്തരവ് നൽകണമെന്ന് കേന്ദ്ര സർക്കാരിനോടും കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

ആവശ്യമായ സൗകര്യങ്ങളില്ലാത്തതിന്റെ പേരിൽ സിബിഐ പല കേസുകളും ഏറ്റെടുക്കാതിരിക്കുന്നതും കുറ്റമറ്റ രീതിയിൽ അന്വേഷണം നടത്താതിരിക്കുന്നതും കഴിഞ്ഞ വർഷം ഡിസംബർ എട്ടിന് ഇതേ കോടതിയുടെ വിമർശനത്തിന് കാരണമായിരുന്നു.

സുപ്രധാനമായ കേസുകളുൾപ്പെടെ സിബിഐ അന്വേഷിക്കുന്ന പല കേസുകളും പ്രതികളെ കുറ്റവിമുക്തരാക്കുന്നതിലേക്ക് എത്തിച്ചേരുന്നുണ്ടെന്നും അന്വേഷണം കുറ്റമറ്റ രീതിയിൽ നടത്തുന്നതിനായി കൂടുതൽ വിദഗ്ധരെയും ആധുനിക സൗകര്യങ്ങളും സിബിഐയ്ക്ക് നൽകേണ്ടത് ആവശ്യമാണെന്നും കോടതി ചൂണ്ടിക്കാട്ടിയിരുന്നു.

# കേരളത്തിന്റെ ലോകഓണപ്പൂക്കളത്തിന് മികച്ച പ്രതികരണം

തിരുവനന്തപുരം: 'വിശ്വമാനവികതയുടെ ലോകഓണപ്പൂക്കളം' എന്ന പ്രമേയത്തിൽ സംസ്ഥാന ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന ഓണപ്പൂക്കള മത്സരയിനങ്ങളുടെ രജിസ്ട്രേഷന് മികച്ച പ്രതികരണം. കോവിഡ് മഹാമാരി മൂലം ഓണാഘോഷങ്ങൾ വീടുകളിൽ ഒതുക്കേണ്ടി വന്നതിനാലാണ് ലോകമെമ്പാടുമുള്ള മലയാളികൾക്കായി കേരള ടൂറിസം ഓൺലൈൻ പൂക്കള മത്സരം സംഘടിപ്പിച്ചത്. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കലാകാരൻമാർക്കായി പ്രാദേശിക കലാരൂപങ്ങൾ ഉൾപ്പെടുത്തിയുള്ള 15 മിനിറ്റ് വീഡിയോ പരിപാടി ടൂറിസം വകുപ്പ് തയ്യാറാക്കുന്നുണ്ട്. ഇത് വിവിധ ദൃശ്യമാധ്യമങ്ങൾ, ഓൺലൈൻ സാമൂഹ്യമാധ്യമങ്ങൾ എന്നിവ വഴി സംപ്രേഷണം ചെയ്യും. പ്രായഭേദമന്യേ, വ്യക്തികൾക്കോ, കുടുംബത്തിനോ, സംഘടനകൾക്കോ, കൂട്ടായ്മകൾക്കോ ഈ മത്സരങ്ങളിൽ പങ്കെടുക്കാം. യാതൊരു വിധത്തിലുള്ള പ്രവേശന ഫീസും ഇതിനായി ഈടാക്കുന്നില്ല. www.k-er-a-l-a-tour-i-sm.or-g/con-te-st/poo-kസമഹമാ2021 എന്ന വെബ്സൈറ്റിലൂടെയാണ് രജിസ്ട്രേഷൻ. 23ന് അർധരാത്രിവരെ ദൃശ്യങ്ങൾ അപ് ലോഡ് ചെയ്യാം. രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന തിരിച്ചറിയൽ സംഖ്യ പൂക്കളത്തിന്റെ താഴെ തറയിൽ രേഖപ്പെടുത്തണം. തിരിച്ചറിയൽ അക്കത്തോടു കൂടിയുള്ള പൂക്കളത്തിന്റെ ചിത്രം, പൂക്കളം തയ്യാറാക്കിയ വ്യക്തിയുടെ, കുടുംബത്തിന്റെ, സ്ഥാപനത്തിന്റെ, സംഘടനയുടെ പൂക്കളത്തോടൊപ്പമുള്ള ചിത്രം എന്നിവയാണ് അപ് ലോഡ് ചെയ്യേണ്ടത്. പൂക്കളത്തെക്കുറിച്ചുള്ള ലഘുവിവരണവും സമർപ്പിക്കണം. ഒരു എംബിയ്ക്കും അഞ്ച് എംബിയ്ക്കും ഇടയിൽ വലുപ്പത്തിലുള്ള ചിത്രങ്ങൾ മാത്രമേ മത്സരത്തിൽ സ്വീകരിക്കുകയുള്ളൂ. ടൂറിസം വകുപ്പിന്റെ വിധികർത്താക്കൾ പ്രാഥമിക പരിശോധന നടത്തിയതിനു ശേഷം മികച്ച 100 പൂക്കളങ്ങൾ തെരഞ്ഞെടുക്കും. ഈ ചിത്രങ്ങൾ വെബ്സൈറ്റിൽ നൽകുന്നതിന് ടൂറിസം വകുപ്പിന് അധികാരമുണ്ടായിരിക്കും.

# വാക്കുപാലിച്ച് മന്ത്രി ജി ആർ അനിൽ; അശ്വിനിക്ക് ഓണസമ്മാനമായി മൊബൈൽ ഫോൺ

വിതുര: പൊടിയക്കാലയിൽ എസ്എസ്എൽസി പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ അശ്വിനി സായിക്ക് ഓണസമ്മാനമായി മൊബൈൽഫോൺ കൈമാറി സിപിഐ പ്രവർത്തകർ. കഴിഞ്ഞ ദിവസം പൊടിയക്കാല ആദിവാസി സെറ്റിൽമെന്റിൽ ഭക്ഷ്യക്കിറ്റ് വിതരണവുമായി ബന്ധപ്പെട്ട് ഉദ്ഘാടനത്തിനെത്തിയ ഭക്ഷ്യമന്ത്രി അഡ്വ. ജി ആർ അനിൽ ഉന്നത വിജയം നേടിയ അശ്വിനി സായിയെ ആശംസിക്കുകയും ഡിജിറ്റൽ പഠന സൗകര്യത്തിനായി മൊബൈൽ ഫോൺ വാങ്ങി നൽകാമെന്ന് അറിയിക്കുകയും ചെയ്തിരുന്നു. ഇതേ തുടർന്ന് തിരുവോണനാളിൽ മന്ത്രി വാങ്ങി നൽകിയ മൊബൈൽ ഫോൺ സിപിഐ സംസ്ഥാന കൗൺസിൽ അംഗം മീനാങ്കൽ കുമാർ വിദ്യാർത്ഥിയുടെ വീട്ടിലെത്തി കൈമാറി. സിപിഐ മണ്ഡലം കമ്മിറ്റി സെക്രട്ടറി എം എസ് റഷീദ്, എഐവൈഎഫ് മണ്ഡലം പ്രസിഡന്റ് പുറുത്തിപാറ സജീവ്, ഉരുളുകുന്ന് സന്തോഷ്, ശങ്കർ, സനീഷ് എന്നിവർ പങ്കെടുത്തു. മണിക്കുട്ടൻ, വിനീത ദമ്പതികളുടെ മകളാണ് അശ്വിനി.

# പാർലമെന്റിൽ തമിഴ്നാടിന്റെ രാഷ്ട്രീയ പ്രാതിനിധ്യം കുറഞ്ഞുവെന്ന് ഹൈക്കോടതി

ചെന്നൈ: കേന്ദ്ര സർക്കാരിന്റെ കുടുംബാസൂത്രണ നടപടികൾ നടപ്പിലാക്കിക്കൊണ്ട് സംസ്ഥാനം ജനസംഖ്യ കുറച്ചതിനാൽ 1967 ൽ ലോക്സഭയിൽ തമിഴ്നാടിന്റെ രാഷ്ട്രീയ പ്രാതിനിധ്യം കുറച്ചത് യുക്തിരഹിതവും അന്യായവുമാണെന്ന് മദ്രാസ് ഹൈക്കോടതി. കേന്ദ്ര സർക്കാരിന്റെ കുടുംബാസൂത്രണം നടപ്പാക്കിയതിനാൽ പാർലമെന്റിൽ തമിഴ്നാടിന്റെ രാഷ്ട്രീയ പ്രാതിനിധ്യം കുറഞ്ഞതായി ജസ്റ്റിസുമാരായ എൻ കൃപാകരൻ, ബി പുഗളേന്തി എന്നിവരുടെ ബെഞ്ച് ഉത്തരവിൽ പറഞ്ഞു.

തെങ്കാശി പാർലമെന്റ് മണ്ഡലത്തിന്റെ സംവരണം റദ്ദാക്കണമെന്നാവശ്യപ്പെട്ടുള്ള ഹർജിയിലാണ് കോടതി വാദം കേട്ടത്. 1962 വരെ ലോക്സഭയിൽ തമിഴ്നാടിന് 41 പ്രതിനിധികളുണ്ടായിരുന്നതായി ബെഞ്ച് ചൂണ്ടിക്കാട്ടി. ജനസംഖ്യ കുറയുന്നതിനാൽ പിന്നീട് പ്രാതിനിധ്യം 39 ആയി കുറയ്ക്കുകയായിരുന്നു. പ്രകൃതി വിഭവങ്ങളുടെ രൂക്ഷമായ ക്ഷാമം തടയാൻ ജനസംഖ്യാ നിയന്ത്രണം പ്രധാനമാണെന്നും ഹൈക്കോടതി കൂട്ടിച്ചേർത്തു.

ഉത്തർപ്രദേശ്, ബിഹാർ, രാജസ്ഥാൻ, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങൾക്ക് കൂടുതൽ സീറ്റുകൾ ലഭിക്കുന്നു, അതേസമയം ജനസംഖ്യാ വളർച്ച നിയന്ത്രിക്കാൻ കഴിയുന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് കുറഞ്ഞ പാർലമെന്റ് മണ്ഡലങ്ങൾ ലഭിക്കുന്നു, അതുവഴി സംസ്ഥാനങ്ങളുടെ രാഷ്ട്രീയ ശക്തി കുറയുന്നു, ഹൈക്കോടതി പറഞ്ഞു. തെങ്കാശി നിയോജക മണ്ഡലത്തിന്റെ സംവരണം ഇല്ലാതാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജിയും കോടതി തള്ളി.

# സംസ്ഥാനത്ത് ഇന്ന് 13,383 പേർക്ക് കോവിഡ്; ടിപിആർ 15.63

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് 13,383 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. കഴിഞ്ഞ 24 മണിക്കൂറിനിടെ 85,650 സാമ്പിളുകളാണ് പരിശോധിച്ചത്.

ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 15.63 ആണ്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 90 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 19,584 ആയി.

തൃശൂർ 1828, കോഴിക്കോട് 1633, എറണാകുളം 1566, പാലക്കാട് 1503, മലപ്പുറം 1497, കൊല്ലം 1103, തിരുവനന്തപുരം 810, ആലപ്പുഴ 781, കണ്ണൂർ 720, കോട്ടയം 699, വയനാട് 378, പത്തനംതിട്ട 372, കാസർഗോഡ് 257, ഇടുക്കി 236 എന്നിങ്ങനെയാണ് ജില്ലകളിൽ ഇന്ന് രോഗബാധ സ്ഥിരീകരിച്ചത്. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 21,942 പേർ രോഗമുക്തി നേടി. ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 39 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 12,492 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 771 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 81 ആരോഗ്യ പ്രവർത്തകർക്കും രോഗം ബാധിച്ചു സംസ്ഥാനത്ത്1,54,563 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്.

36,53,008 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

വിവിധ ജില്ലകളിലായി 4,71,921 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 4,45,342 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിലും 26,579 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 1647 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണ പ്രദേശങ്ങളെ തരംതിരിച്ചിട്ടുണ്ട്.

74 തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലായി 414 വാർഡുകളാണ് ഡബ്ല്യു.ഐ.പി.ആർ. എട്ടിന് മുകളിലുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

# അച്ഛനെ കുറിച്ചുള്ള മകന്റെ ഹൃദയ കാവ്യമാണ് 'ശിവനയനം' : മോഹൻലാൽ

കേരളത്തിലെ ആദ്യ പ്രസ് ഫോട്ടോഗ്രാഫറും ചലച്ചിത്രകാരനുമായ ശിവനെ ആസ്പദമാക്കി കേരള മീഡിയ അക്കാദമി നിർമ്മിച്ച്, ശിവന്റെ മകനും രാജ്യാന്തരപ്രശസ്ത ചലച്ചിത്രകാരനുമായ സന്തോഷ് ശിവൻ സംവിധാനം ചെയ്ത 'ശിവനയന'ത്തിന്റെ റിലീസിംഗ് നിർവഹിക്കുകയായിരുന്നു മോഹൻലാൽ. അക്കാദമി ചെയർമാൻ ആർ.എസ്.ബാബുവിന്റെ അധ്യക്ഷതയിൽ ഭാരത് ഭവനിൽ നടന്ന ചടങ്ങിൽ തദ്ദേശസ്വയംഭരണ മന്ത്രി എം.വി.ഗോവിന്ദൻ അക്കാദമിയുടെ യൂട്യൂബ് ചാനൽ ഉദ്ഘാടനം ചെയ്തു.

ഈ ഭൂമിയിലെ ഓരോ മനുഷ്യനും ഓരോ ദൗത്യ നിർവഹണത്തിനുള്ള തലക്കുറി ഉള്ളവരാണെന്നും മഹിമയുള്ള ദൗത്യം നിറവേറ്റി മടങ്ങുന്നവരാണ് മഹാന്മാരെന്നും മോഹൻലാൽ പറഞ്ഞു.

ആ ഗണത്തിൽപ്പെട്ട വ്യക്തിത്വമായിരുന്നു ഫോട്ടോയിലെ മാന്ത്രികസ്പർശം ആയിരുന്ന ശിവൻ. ശിവൻ ചേട്ടനുമായും അദ്ദേഹത്തിന്റെ മക്കളായ സംഗീത് ശിവനുമായും സന്തോഷ് ശിവനുമായും ചലച്ചിത്ര രംഗത്ത് ഒരുമിച്ചു പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. .ജീവിതം ഒറ്റയടിപ്പാത അല്ലെന്നും കണ്ണടച്ചു തുറക്കും മുമ്പ് ജീവിത വിജയം നേടാനാവില്ലെന്നും സാക്ഷ്യപ്പെടുത്തിയ ഒരു ജീവിതത്തിന്റെ ദൃശ്യാനുഭവമാണ് ശിവനയനം. ബഹുമുഖ പ്രതിഭയായ ശിവൻ ആരെന്നും എന്തെന്നും വരുംതലമുറയ്ക്ക് അറിവ് പകരുന്ന നല്ല ഡോക്യുഫിക്ഷൻ ആണിതെന്നും മോഹൻലാൽ കൂട്ടിച്ചേർത്തു.

സംവിധായകൻ സന്തോഷ് ശിവൻ തിരക്കഥാകൃത്ത് വി എസ് രാജേഷ്. കേരള പത്രപ്രവർത്തക യൂണിയൻ ജില്ലാപ്രസിഡന്റ് സുരേഷ് വെള്ളിമംഗലം, സെക്രട്ടറി അഭിജിത് നായർ, സംഗീത് ശിവൻ, സരിത ശിവൻ, സ്വരലയ ചെയർമാൻ ജി.രാജ്മോഹൻ, ഭാരത് ഭവൻ ഡയറക്ടർ പ്രമോദ് പയ്യന്നൂർ, കേരള ചലച്ചിത്ര അക്കാദമി സെക്രട്ടറി സി.അജോയ്, ദീപപ്രസാദ്, അക്കാദമി ഫോട്ടോജേണലിസം കോഴ്സ് കോഓർഡിനേറ്റർ ബി.ചന്ദ്രകുമാർ എന്നിവർ സംസാരിച്ചു.

## ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് പ്രൊഫിഷ്യൻസി അവാർഡ്

തിരുവനന്തപുരം: കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ എസ്എസ്എൽസി/ പ്ലസ്ടു (കേരള, സിബിഎസ്സി, ഐസിഎസ്സി) പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും ബി ഗ്രേഡോ അതിനു മുകളിലോ വാങ്ങി പാസായ കേരളത്തിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥി/വിദ്യാർത്ഥിനികളിൽ നിന്നും ഉയർന്ന മാർക്ക് വാങ്ങിയവർക്ക് 5000 രൂപ വീതം ക്യാഷ് അവാർഡ് നൽകും (മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഗ്രേഡ് നിബന്ധനയില്ല, പാസായിരിക്കണം). 40 ശതമാനമോ അതിനു മുകളിലോ ഭിന്നശേഷിത്വം ഉള്ളവർക്കും, ഈ അധ്യയനവർഷത്തിൽ എസ്എസ്എൽസി/ പ്ലസ് ടു പാസായവർക്കും അപേക്ഷിക്കാം. അപേക്ഷകൾ സവെുംരയ5@ഴാമശഹ. രീാ എന്ന ഇമെയിലിലേക്ക് സിംഗിൾ പിഡിഎഫ് ഫോർമാറ്റിൽ അയയ്ക്കണം. അപേക്ഷകന്റെ/ അപേക്ഷകയുടെ പേര് സബ്ജക്ട് ആയി വയ്ക്കണം. അപേക്ഷയുടെ അസൽ കൈവശം സൂക്ഷിക്കുകയും ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കുകയും വേണം. അപേക്ഷ തപാലിൽ അയയ്ക്കേണ്ടതില്ല. സെപ്റ്റംബർ 15നകം സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2347768,7153,7156.

# മീഡിയ' ഓഡിയോ മാഗസിൻ പ്രകാശനം കോടിയേരി ബാലകൃഷ്ണൻ നിർവ്വഹിക്കും

കേരള മീഡിയ അക്കാദമിയുടെ മുഖമാസികയായ 'മീഡിയ'യുടെ ഓഡിയോ പതിപ്പിന്റെ ഉദ്ഘാടനം സിപിഐ(എം) പൊളിറ്റ്ബ്യൂറോ അംഗവും ദേശാഭിമാനി ചീഫ് എഡിറ്ററുമായ കോടിയേരി ബാലകൃഷ്ണൻ നിർവ്വഹിക്കും. മുൻ ചീഫ് സെക്രട്ടറി കെ.ജയകുമാർ ഐ.എ.എസ് മാഗസിൻ ഏറ്റുവാങ്ങും. ആഗസ്റ്റ് 19 വ്യാഴാഴ്ച ഉച്ചയ്ക്ക് 12ന് തിരുവനന്തപുരം ഭാരത് ഭവനിലാണ് സമ്മേളനം. അക്കാദമി ചെയർമാൻ ആർ.എസ്.ബാബു അധ്യക്ഷനാകും. ജനയുഗം പത്രാധിപർ രാജാജി മാത്യു തോമസ്, കൈരളി ചാനൽ ന്യൂസ് ഡയറക്ടർ എൻ.പി.ചന്ദ്രശേഖരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ കെ.വി.സുധാകരൻ, കേരള പത്രപ്രവർത്തക യൂണിയൻ ജില്ലാപ്രസിഡന്റ് സുരേഷ് വെള്ളിമംഗലം, സെക്രട്ടറി അഭിജിത് നായർ, ഭാരത് ഭവൻ ഡയറക്ടർ പ്രമോദ് പയ്യന്നൂർ എന്നിവർ പങ്കെടുക്കും. നിയമസഭാ തിരഞ്ഞെടുപ്പും മാധ്യമങ്ങളുടെ പങ്കും എന്ന വിഷയത്തെ അധികരിച്ചുള്ള കവർ സ്റ്റോറിയാണ് ഈ ലക്കം മീഡിയ.

തൊണ്ണൂറ്റിയഞ്ചു കഴിഞ്ഞ ആർട്ടിസ്റ്റ് നമ്പൂതിരി വരച്ച മുഖ്യമന്ത്രി പിണറായി വിജയന്റെ ചിത്രമാണ് കവർ. 104 പേജുള്ള മാഗസിന്റെ എല്ലാ ഇനങ്ങളും ക്യൂആർ കോഡ് സ്കാൻ ചെയ്ത് കേൾക്കാനാകും.

ഇനി മുതലുള്ള എല്ലാ ലക്കങ്ങളും സമ്പൂർണ്ണമായി ഓഡിയോ മാഗസിൻ ആയിരിക്കുമെന്ന് അക്കാദമി ചെയർമാൻ അറിയിച്ചു

## സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം

ഫിഷറീസ് വകുപ്പ്, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നൽകുന്നു.

ഒരു വർഷത്തെ റസിഡൻഷ്യൽ എൻട്രൻസ് കോച്ചിംഗിനാണ് സർക്കാർ ധനസഹായം നൽകുന്നത്. അപേക്ഷാ ഫോറവും വിശദ വിവരങ്ങളും മത്സ്യഭവനുകളിൽ ലഭ്യമാണ്.

അവസാന തീയതി ഓഗസ്റ്റ് 25. ബിരുദ തലത്തിൽ 60% മാർക്കോടെ വിജയിച്ച മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അപേക്ഷിക്കാം. ഒരു വിദ്യാർഥിക്ക് ഒരു തവണ മാത്രമേ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം പട്ടം പ്ലാമൂട് സിവിൽ സർവ്വീസ് അക്കാഡമിയിലാണ് നടത്തുന്നത്.

തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ വഴിയാണ് പരിശീലനം നൽകുക. സിവിൽ സർവ്വീസ് അക്കാഡമി നടത്തുന്ന എൻട്രൻസ് പരീക്ഷയുടെ മെരിറ്റ് അടിസ്ഥാനത്തിലായിരിക്കും അർഹരായ വിദ്യാർഥികളെ തെരഞ്ഞെടുക്കുന്നത്.

തെരഞ്ഞെടുക്കപ്പെടുന്നവർ താമസിച്ചു പഠിക്കുവാൻ സന്നദ്ധരായിരിക്കണം.

# റസിഡൻഷ്യൽ ബാങ്ക് പരിശീലനം

ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ ബാങ്ക് പരീശീലനം നൽകുന്നു. പരിശീലന ചെലവ് സർക്കാർ വഹിക്കുന്നതാണ്.

അപേക്ഷാ ഫോറവും വിശദ വിവരങ്ങളും മത്സ്യഭവനുകളിൽ ലഭ്യമാണ്. അവസാന തീയതി ഓഗസ്റ്റ് 25. ബിരുദ തലത്തിൽ 60% മാർക്കോടെ വിജയിച്ച മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അപേക്ഷിക്കാം.

ഒരു വിദ്യാർഥിക്ക് ഒരു തവണ മാത്രമേ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ. തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ വഴിയാണ് പരിശീലനം നൽകുക.

തെരഞ്ഞെടുക്കപ്പെടുന്നവർ താമസിച്ചു പഠിക്കുവാൻ സന്നദ്ധരായിരിക്കണം. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ 75 തൊഴിൽദിനങ്ങൾ പൂർത്തിയാക്കിവർക്ക് 1000രൂപ ഉത്സവബത്ത: മന്ത്രി

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം 75 ദിവസം തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ തൊഴിലാളികൾക്ക് 1000 രൂപ ഉത്സവബത്ത നൽകാൻ ഉത്തരവിറക്കിയതായി തദ്ദേശസ്വയംഭരണ, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രി എം.വി ഗോവിന്ദൻ മാസ്റ്റർ അറിയിച്ചു. ഉത്തരവ് പ്രകാരം 13,759 കുടുംബങ്ങൾക്ക് സഹായമേകാൻ സംസ്ഥാന സർക്കാരിന് സാധിക്കുമെന്ന് മന്ത്രി പറഞ്ഞു. ധനകാര്യ വകുപ്പ് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലുള്ള തൊഴിലാളി വിഭാഗത്തിന് ഉത്സവബത്ത നൽകി ആശ്വാസമേകാനായി ഒരു കോടി മുപ്പത്തിയേഴ് ലക്ഷത്തി അമ്പത്തൊമ്പതിനായിരം രൂപ അനുവദിച്ചതായി മന്ത്രി വ്യക്തമാക്കി.

# വൈദ്യുതി റഗുലേറ്ററി കമ്മീഷൻ തെളിവെടുപ്പ് 26 ന്

ഇന്ധന വിലയിലുണ്ടായ വർദ്ധനവ് മൂലമുള്ള അധികബാധ്യത ഇന്ധന സർചാർജ്ജായി ഉപഭോക്താക്കളിൽ നിന്നും ഈടാക്കാനുള്ള വൈദ്യുതി ബോർഡിന്റെ അപേക്ഷയിലുള്ള കേരള സംസ്ഥാന റഗുലേറ്ററി കമ്മീഷന്റെ പൊതുതെളിവെടുപ്പ് 26ന് രാവിലെ 11 ന് എറണാകുളം പി.ഡബ്ല്യു.ഡി റെസ്റ്റ് ഹൗസിൽ നടത്തും. പൊതുതെളിവെടുപ്പിൽ പങ്കെടുക്കാൻ താൽപര്യം ഉള്ളവർ 25ന് ഉച്ചയ്ക്ക് 12 മണിക്ക് മുൻപ് പേരും ഇമെയിൽ അഡ്രസ്സും മറ്റു വിവരങ്ങളും ഫോൺ നമ്പർ സഹിതം കമ്മീഷൻ സെക്രട്ടറിയെ അറിയിക്കണം. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചാകും തെളിവെടുപ്പ്. തെളിവെടുപ്പിൽ പങ്കെടുക്കുന്ന എല്ലാവരും മാസ്ക് ധരിച്ചു എത്തുകയും, കൃത്യമായ സാമൂഹിക അകലം പാലിക്കുകയും വേണം. തപാൽ മുഖേനയും ഇമെയിൽ (k-ser-c@er-c-k-er-a-l-a.or-g) മുഖേനയും പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താം.

തപാൽ/ഇമെയിൽ മുഖേന ലഭിക്കുന്ന അഭിപ്രായങ്ങൾ, സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി. രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ 27ന് വൈകിട്ട് 5 വരെ സ്വീകരിക്കും.

# സബ്സിഡിയുള്ള ഗാർഹിക എൽപിജിയുടെ വില ഉപഭോക്താവിന് ഫലപ്രദമായ രീതിയിൽ പരിഷ്കരിക്കുന്നത് സർക്കാർ തുടരുന്നു

ന്യൂ ഡൽഹി: 201112 സാമ്പത്തിക വർഷം മുതൽ 7,03,525 കോടി രുപ സർക്കാർ ആകെ ഇന്ധന സബ്സിഡിയായി നൽകിയിട്ടുണ്ടെന്ന് പെട്രോളിയം, പ്രകൃതിവാതക സഹമന്ത്രി ശ്രീ രാമേശ്വർ തെലി ഒരു ചോദ്യത്തിനുള്ള രേഖാമൂലമുള്ള മറുപടിയിൽ,ലോക് സഭയിൽ അറിയിച്ചു . 202122സാമ്പത്തിക വർഷത്തിൽ പാചക വാതകത്തിന്റെയും പ്രകൃതി വാതകത്തിന്റെയും സബ്സിഡിക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 12,995 കോടി രൂപയാണ്. രാജ്യത്തെ പെട്രോളിയം ഉത്പന്നങ്ങളുടെ വില അന്തർദേശീയ വിപണിയിലെ അതാത് ഉത്പന്നങ്ങളുടെ വിലയുമായി ബന്ധപ്പെട്ടിരിക്കുന്നു.

സബ്സിഡിയുള്ള ഗാർഹിക എൽപിജിയുടെ വില ഫലപ്രദമായി പരിഷ്കരിക്കുന്നത് സർക്കാർ തുടരുന്നു. അതെ സമയം അന്തർദേശീയ വിപണികളിലെ മാറ്റങ്ങൾക്ക് അനുസൃതമായി സബ്സിഡിയില്ലാത്ത ഗാർഹിക എൽപിജിയുടെ വിലകൾ ഒഎംസികളാണ് നിർണ്ണയിക്കുന്നത്.

അന്തർദേശീയ വിപണിയിൽ ഉൽപന്ന വിലയിൽ ഉണ്ടാവുന്ന വർദ്ധനവോ കുറവോ അനുസരിച്ചും സബ്സിഡി സംബന്ധിച്ച സർക്കാർ തീരുമാനം അനുസരിച്ചും ഉൽപ്പന്നത്തിന്റെ സബ്സിഡിയിൽ വർധനയോ കുറവോ ഉണ്ടാവുന്നു.

# പാക് അതിർത്തിയിൽ നിന്ന് 40.8 കിലോ ഹെറോയിൻ പിടിച്ചെടുത്തു

ലുധിയാന: പഞ്ചാബിൽ പാക് അതിർത്തിയായ ഗുരുദാസ്പുർ ജില്ലയിലെ ദേരാബാബ നാനാക് മേഖലയിൽ നിന്ന് 40.8 കിലോ ഹെറോയിൻ പിടിച്ചെടുത്തു. ഹെറോയിന് പുറമേ 180 ഗ്രാം ഓപ്പിയവും ലഹരിമരുന്ന് കടത്താൻ ഉപയോഗിച്ച പാകിസ്ഥാൻ നിർമ്മിത പിവിസി പൈപ്പുകളും ഇരുചക്രവാഹനങ്ങളും പിടിച്ചെടുത്തിട്ടുണ്ട്. പിടികൂടിയ ഹെറോയിന് അന്താരാഷ്ട്രവിപണിയിൽ 200 കോടി രൂപ വിലവരുമെന്ന് പൊലീസ് പറഞ്ഞു. ബിഎസ്എഫും പഞ്ചാബ് പൊലീസും സംയുക്തമായി നടത്തിയ പരിശോധനയിലാണ് ലഹരിമരുന്ന് കടത്ത് പിടികൂടിയത്. കുപ്രസിദ്ധ ലഹരിമരുന്ന് വിതരണക്കാരനായ നിർമൽ സിങ് എന്ന സോനു പാകിസ്ഥാനിൽനിന്ന് ലഹരിമരുന്ന് കടത്താൻ ശ്രമിക്കുന്നതായി പൊലീസിന് സൂചന ലഭിച്ചിരുന്നു. പോലീസ് വിവരം ബിഎസ്എഫിനെ അറിയിച്ചു. ബിഎസ്എഫ് നടത്തിയ തെരച്ചിലിൽ പുലർച്ചെ അതിർത്തിയോട് ചേർന്ന് സംശയാസ്പദമായ സാഹചര്യത്തിൽ ചിലരെ കണ്ടു. ബിഎസ്എഫ് വെടിയുതിർത്തതോടെ ഇവർ പ്രദേശത്തുനിന്ന് പിൻവാങ്ങി. തുടർന്ന് നടത്തിയ പരിശോധനയിലാണ് പൈപ്പ് വഴി കടത്താൻ ശ്രമിച്ച ലഹരിമരുന്ന് പിടിച്ചെടുത്തത്. 39 പ്ലാസ്റ്റിക് പാക്കറ്റുകളിലായാണ് ഹെറോയിൻ സൂക്ഷിച്ചിരുന്നത്. പാകിസ്ഥാനിൽനിന്ന് അതിർത്തിയിലെ കമ്പിവേലിക്കിടയിലൂടെ പിവിസി പൈപ്പിനുള്ളിലാക്കിയാണ് ഇവ ഇന്ത്യയിലേക്ക് കടത്തിയിരുന്നത്. ലഹരിമരുന്ന് കടത്താൻ ഉപയോഗിച്ച രണ്ട് പൈപ്പുകളും പൊലീസ് സംഘം കണ്ടെടുത്തിട്ടുണ്ട്. സംഭവവുമായി ബന്ധപ്പെട്ട് നിർമൽ സിങ്ങിനായി പൊലീസ് തിരച്ചിൽ ആരംഭിച്ചിട്ടുണ്ട്.

# ചില കോളേജുകൾ വിദ്യാർത്ഥികളുടെ അവകാശങ്ങൾ നിഷേധിക്കുന്നു: മനുഷ്യാവകാശ കമ്മീഷൻ

തിരുവനന്തപുരം: പ്രവേശന സമയത്ത് കുട്ടികളിൽ നിന്നും മുൻകൂറായി ഫീസും യഥാർത്ഥ സർട്ടിഫിക്കേറ്റുകളും കൈവശപ്പെടുത്തി, മറ്റ് സ്ഥാപനങ്ങളിൽ ചേരാനുള്ള വിദ്യാർത്ഥികളുടെ അവകാശം ചില സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തടയുകയാണെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ.

ഇത്തരം സ്ഥാപനങ്ങൾ ഫീസും സർട്ടിഫിക്കേറ്റുകളും മടക്കി നൽകാതെ വിദ്യാർത്ഥികളുടെ മനുഷ്യാവകാശങ്ങൾ ലംഘിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ആൻറണി ഡൊമിനിക് ഉത്തരവിൽ പറഞ്ഞു.

ഇത്തരം പരാതികളിൽ എ.പി. ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാല അലസമായ സമീപനമാണ് കൈക്കൊള്ളുന്നതെന്ന് അവരുടെ റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാണെന്നും കമ്മീഷൻ കുറ്റപ്പെടുത്തി. തിരുവനന്തപുരത്തെ സ്വകാര്യ എഞ്ചിനീയറിംഗ് കോളേജിൽ പ്രവേശനം നേടിയയുടൻ സർക്കാർ കോളേജിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥിനിയിൽ നിന്നും അനധികൃതമായി ഈടാക്കിയ ഫീസും ഒറിജിനൽ സർട്ടിഫിക്കേറ്റുകളും മടക്കി നൽകിയില്ലെന്ന് ആരോപിച്ച് വിദ്യാർത്ഥിനി സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

മൊത്തം 44400 രൂപയാണ് തിരുവല്ലം എ.സി . ഇ. എഞ്ചിനീയറിംഗ് കോളേജ് ഈടാക്കിയതെന്ന് ശ്രുതി എസ് സുരേഷ് എന്ന വിദ്യാർത്ഥിനി സമർപ്പിച്ച പരാതിയിൽ പറയുന്നു. കമ്മീഷൻ സാങ്കേതിക സർവകലാശാലയിൽ നിന്നും റിപ്പോർട്ട് വാങ്ങി.

വിദ്യാർത്ഥികളുടെ ഒറിജിനൽ സർട്ടിഫിക്കേറ്റുകൾ കൈവശം സൂക്ഷിക്കരുതെന്ന 2016 ഡിസംബറിലെ യു ജി സി ഉത്തരവിൻറെ ലംഘനമാണ് സ്വകാര്യ സ്ഥാപനത്തിൻറെ ഭാഗത്ത് നിന്നുണ്ടായതെന്ന് ജസ്റ്റിസ് ആൻറണി ഡൊമിനിക്ക് നിരീക്ഷിച്ചു.

മറ്റൊരു കോളേജിൽ പ്രവേശനം നേടി പോകുന്ന വിദ്യാർത്ഥിക്ക് ഫീസ് മടക്കി നൽകുന്നതിനെ കുറിച്ചും ഇതേ ഉത്തരവിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശമുണ്ടെന്ന് കമ്മീഷൻ നിരീക്ഷിച്ചു.

ഉത്തരവിൽ പറയുന്ന വിഷയങ്ങളെ കുറിച്ച് പരാതിയുള്ള പക്ഷം അവ പരിഹരിക്കുന്നതിന് 'പരാതി പരിഹാര സമിതി' രൂപീകരിക്കണമെന്നും യു ജി സി പറഞ്ഞിട്ടുണ്ട്. ഇതെല്ലാം ലംഘിക്കപ്പെട്ടു. വിദ്യാർത്ഥിനിയുടെ പരാതിയിൽ യു. ജി. സി. ഉത്തരവിന്റെ ലംഘനം ഉണ്ടായിട്ടുണ്ടോ എന്ന് സമയബന്ധിതമായി പരിശോധിക്കണമെന്ന് കമ്മീഷൻ സാങ്കേതിക സർവകലാശാലാ രജിസ്ട്രാർക്ക് നിർദ്ദേശം നൽകി.

കോളേജിന്റെ ഭാഗത്ത് വീഴ്ച കണ്ടെത്തിയാൽ ഉചിതമായ നിയമ നടപടികൾ സ്വീകരിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. പരാതി പരിഹാര സമിതി

രൂപീകരിച്ചിട്ടില്ലെങ്കിൽ രൂപീകരിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.ഇതിന് സർവകലാശാലാ നിയമത്തിൽ ഭേദഗതി ആവശ്യമുണ്ടെങ്കിൽ അതിന് നടപടിയെടുക്കണം.

സ്വീകരിച്ച നടപടികൾ ഒരു മാസത്തിനകം സർവകലാശാലാ രജിസ്ട്രാർ കമ്മീഷനെ അറിയിക്കണം.

## റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം

ഫിഷറീസ് വകുപ്പ്, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരീശീലനം നൽകുന്നു.

ഒരു വർഷത്തെ റസിഡൻഷ്യൽ എൻട്രൻസിനായി സർക്കാർ ധനസഹായത്തോടെ പരിശീലനം നൽകുന്നത്.

അപേക്ഷാ ഫോറവും വിശദ വിവരങ്ങളും മത്സ്യഭവനുകളിൽ ലഭ്യമാണ്. അവസാന തീയതി ഓഗസ്റ്റ് 25.

ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി തലത്തിൽ ഫിസിക്സ് കെമിസ്ട്രി, ബയോളജി വിഷയങ്ങൾക്ക് 85% മാർക്കോടെ വിജയിച്ചതോ മുൻവർഷം നടത്തിയ നീറ്റ് പരീക്ഷയിൽ 40% മാർക്ക് ലഭിച്ചവരോ ആയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അപേക്ഷിക്കാം.

ഒരു വിദ്യാർഥിക്ക് ഒരു തവണ മാത്രമേ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

NAUTICAL TIMES
KERALA
Thiruvananthapuram
RNI.Reg,No. KERBIL/2018/77391
2021 AUGUST 24 TUESDAY


# കലാപ്രകടനങ്ങളുടെ ദൃശ്യ വിരുന്നായി 'ഓണത്തുടി 2021'

ചതയദിനത്തിൽ ജില്ലാ ഭരണകൂടം ഓൺലൈൻ വഴി നടത്തിയ ഓണാഘോഷ പരിപാടി 'ഓണത്തുടി 2021' ൽ ദൃശ്യവിരുന്നായി യുവകലാപ്രതിഭകളുടെ വേറിട്ട പ്രകടനങ്ങൾ. കോവിഡിനെതിരായ പോരാട്ടത്തിൽ സർക്കാരിനൊപ്പം എല്ലാ വിഭാഗം ജനങ്ങളുടെയും ഉറച്ച പിന്തുണ ആവശ്യമാണെന്ന് ചടങ്ങിൽ ആശംസ അറിയിച്ച ധനകാര്യ വകുപ്പ് മന്ത്രി കെ. എൻ. ബാലഗോപാൽ പറഞ്ഞു. വരും വർഷങ്ങളിൽ മികച്ച രീതിയിൽ ഓണാഘോഷം നടത്താനാകുമെന്നാണ് പ്രതീക്ഷയെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഒത്തുചേരലുകൾ പരിമിതപ്പെടുത്തേണ്ടി വന്ന ഒരു ഓണക്കാലത്ത് എല്ലാ വിഭാഗം ജനങ്ങളെയും ഒന്നിപ്പിക്കുന്ന ശ്രദ്ധേയ ഇടപെടലായി ജില്ലാ ഭരണകൂടത്തിന്റെ 'ഓണത്തുടി 2021' എന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി പി. എ.മൊഹമദ് റിയാസ് പറഞ്ഞു.

കലാപ്രതിഭകൾക്ക് കോവിഡ് സാഹചര്യത്തിൽ ഓൺലൈൻ വഴി വേദിയൊരുക്കാൻ 'ഓണത്തുടി 2021' ലൂടെ സാധിച്ചെന്ന് ജില്ലാ കലക്ടർ ബി. അബ്ദുൽ നാസർ പറഞ്ഞു. ഓണത്തിന്റെ സന്ദേശം എല്ലാ അന്തസത്തയോടും കൂടി എല്ലാവരിലേക്കും എത്തിക്കുവാനും യുവതയെ കലയുടെ ശക്തിവത്തായ ഒരു ശ്രേണിയിൽ അണിനിരത്താനും ഇത്തരം സംരംഭങ്ങൾക്ക് കഴിയും, കലക്ടർ വ്യക്തമാക്കി.

മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി, എം.എൽ.എമാരായ എം. മുകേഷ്, കെ.ബി.ഗണേഷ് കുമാർ, സുരേഷ് ഗോപി എം.പി, ചലച്ചിത്ര അക്കാദമി സെക്രട്ടറി കമൽ, സംവിധായകൻ സിബി മലയിൽ, സംഗീത സംവിധായകരായ ഔസേപ്പച്ചൻ, ശരത്, എഴുത്തുകാരായ ബി. മുരളി, ജി. ആർ. ഇന്ദുഗോപൻ, സലിൻ മാങ്കുഴി, കഥകളി കലാകാരൻ തോന്നയ്ക്കൽ പീതാംബരൻ, ഗായകരായ ബാസ്റ്റിൻ ജോൺ, അനിയ ഷെയ്ഖ്, സീരിയൽ തിരക്കഥാകൃത്തും അവാർഡ് ജേതാവുമായ ഗണേശ് ഓലിക്കര, സി.ഡബ്ല്യു.സി ചെയർമാൻ കെ.പി.സജി നാഥ് തുടങ്ങിയവർ ആശംസകൾ അറിയിക്കുകയും തങ്ങളുടെ ഓണാനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. നൃത്തം, ഓണപ്പാട്ടുകൾ, ചലച്ചിത്ര ഗാനങ്ങൾ, ഗസൽ, വാദ്യോപകരണങ്ങൾ ഉപയോഗിച്ചുള്ള കലാപ്രകടനം, മിമിക്രി തുടങ്ങിയവ നിശ്ചിത ഇടവേളകളിൽ അവതരിപ്പിക്കപ്പെട്ടു.

## പടന്താലുംമൂടിന് സമീപം വാഹനാപകടം; രണ്ടുപേർ മരിച്ചു

പാറശാല: അതിർത്തിയിൽ തമിഴ്നാട് ദേശീയപാതയിൽ പടന്താലുംമൂടിന് സമീപമുണ്ടായ വാഹനാപകടത്തിൽ രണ്ട് യുവാക്കൾക്ക് ദാരുണാന്ത്യം. തമിഴ്നാട് കാട്ടാതുറൈ മഞ്ചാടിയിൽ ശശിയുടെ മകൻ ഷാജിൻ (18), കൊല്ലങ്കോട് സ്വദേശി ഇസ്രായേലിന്റെ മകൻ ബെർലിൻ കുമാർ(15) എന്നിവരാണ് മരിച്ചത്. വെള്ളിയാഴ്ച രാവിലെ 11 മണിയോടെയാണ് അപകടം നടന്നത്. കളിയിക്കാവിള ഭാഗത്ത് നിന്ന് മാർത്താണ്ഡം ഭാഗത്തേക്ക് ഇരുചക്രവാഹനത്തിൽ സഞ്ചരിക്കുകയായിരുന്നു ഇവർ. റോഡ് മുറിച്ചു കടക്കാൻ ശ്രമിച്ചയാളെ രക്ഷപ്പെടുത്താനായി വാഹനം ബ്രേക്ക് ചെയ്തപ്പോൾ റോഡിലേക്ക് തെറിച്ച് വീണാണ് അപകടം സംഭവിച്ചത്.

# അഫ്ഗാൻ തീവ്രവാദികളെ റഷ്യയിൽ ആവശ്യമില്ലെന്ന് വ്!ളാദിമർ പുടിൻ

മോസ്!കോ: അഫ്ഗാൻ അഭയാർത്ഥികളെ മധേഷ്യൻ രാജ്യങ്ങളിലേക്ക് അയക്കാനുള്ള നീക്കത്തെ വിമർശിച്ച് റഷ്യ.

അഭയാർത്ഥികളുടെ മറവിൽ വരുന്ന അഫ്ഗാൻ തീവ്രവാദികളെ റഷ്യയ്ക്ക് ആവശ്യമില്ലന്ന് റഷ്യൻ പ്രസിഡന്റ് വ്!ളാദിമർ പുടി വ്യക്തമാക്കി. അഫ്ഗാന്റെ അയൽരാജ്യങ്ങളായ മധേഷ്യൻ രാജ്യങ്ങളിലേക്ക് അഫ്ഗാൻ അഭയാർത്ഥികളെ അയക്കാനുള്ള യുഎസ്, നാറ്റോ നീക്കത്തേയും പുടിൻ വിമർശിച്ചു.

ഏഷ്യയിൽ അഫ്ഗാൻ കുടിയേറ്റക്കാർക്ക് വിസരഹിത അഭയം നൽകാനുള്ള നീക്കം അന്യായമാണെന്ന് പുടിൻ പ്രതികരിച്ചു.

മുൻ സോവിയറ്റ് രാജ്യങ്ങളുടെ സുരക്ഷാ കൂട്ടായ്മയായ കളക്ടീവ് സെക്യൂരിറ്റി ട്രീറ്റി ഓർഗനൈസേഷന്റെ(സിഎസ്!ടിഒ) ഉച്ചകോടിയിൽ വിഷയം ഉന്നയിക്കുമെന്നും അദ്ദേഹം അറിയിച്ചു. യുഎസ് സർക്കാരിനു വേണ്ടി ജോലി ചെയ്തിരുന്ന അഫ്ഗാനികളെ താൽക്കാലികമായി പാർപ്പിക്കാൻ അമേരിക്ക നിരവധി രാജ്യങ്ങളുമായി രഹസ്യ ചർച്ചകൾ നടത്തിയെന്ന് റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തിരുന്നു. ഇതിനു പിന്നാലെയാണ് പുടിന്റെ പ്രതികരണം.

പാശ്ചാത്യ രാജ്യങ്ങൾ നടത്തിയ രക്ഷാദൗത്യത്തിന് ശേഷം താലിബാൻ രാജ്യത്തെ ക്രമസമാധാനം പുനസ്ഥാപിച്ചുവെന്നും പുടിൻ പറഞ്ഞു.

താലിബാൻ നേതാക്കൾ ഇതുവരെ നൽകിയ വാഗ്ദാനങ്ങളിൽ ഉറച്ചുനിൽക്കുകയായിരുന്നുവെന്ന് റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലാവ്റോവും പറഞ്ഞു. മുൻ അഫ്ഗാൻ പ്രസിഡന്റ് ഹമീദ് കർസായിയുമായി താലിബാൻ ചർച്ച ആരംഭിച്ചതായും ലാവ്റോവ് കൂട്ടിച്ചേർത്തു. താലിബാനുമായി സഹകരിക്കാനുള്ള റഷ്യയുടെ നീക്കത്തിനിടെയാണ് പുതിയ പ്രതികരണങ്ങൾ പുറത്ത് വരുന്നത്.

# അമേരിക്ക സൈന്യത്തെ പിൻവലിച്ചില്ലെങ്കിൽ പ്രത്യാഘാതം വളരെ വലുതായിരിക്കും: താലിബാൻ

കാബൂൾ: അഫ്ഗാനിസ്ഥാനിൽ നിന്ന് അമേരിക്ക സൈന്യത്തെ പിൻവലിക്കാത്തപക്ഷം പ്രത്യാഘാതം വളരെ വലുതായിരിക്കുമെന്ന് താലിബാൻ. 31 ഓഗസ്റ്റോടെ സൈന്യത്തെ മുഴുവൻ പിൻവലിക്കുമെന്നാണ് അമേരിക്ക അറിയിച്ചിരുന്നത്. പിൻമാറുന്നതിന് അമേരിക്കയോ ബ്രിട്ടനോ അധിക സമയം ആവശ്യപ്പെടുകയാണെങ്കിൽ സമയം ഒരിക്കലും നീട്ടി നൽകില്ലെന്നുതന്നെ ഉത്തരം നൽകുമെന്നും താലിബാൻ വക്താവ് ഡോ. സുഹെയ്ൽ ഷഹീൻ പറഞ്ഞു. അതല്ലാത്തപക്ഷം പ്രത്യാഘാതങ്ങൾ വളരെ വലുതായിരിക്കുമെന്നും സുഹെയ്ൽ കൂട്ടിച്ചേർത്തു.

അമേരിക്കയുടെ അത്തരം സമീപനങ്ങൾ വിശ്വാസത്തെ തകർക്കുമെന്നും ഒഴിവുകഴിവുകൾ പറയുന്നത് പ്രകോപനപരമായിരിക്കുമെന്നും സുഹെയ്ൽ ദോഹയിലെ സ്കൈ ന്യൂസിന് നൽകിയ അഭിമുഖത്തിൽ വ്യക്തമാക്കി. ദുരന്തമുഖത്തുനിന്ന് ആളുകളെ ഒഴിവാക്കാൻ കൂടുതൽ സമയം ആവശ്യപ്പെട്ട് ബോറിസ് ജോൺസൺ അമേരിക്കൻ പ്രസിഡന്റ് ജോബൈഡനുമായി കൂടിക്കാഴ്ച നടത്താനിരിക്കെയാണ് താലിബാന്റെ പ്രതികരണം. ഭീകരവാദികൾ ഭരണം ഏറ്റെടുത്തതിനു പിന്നാലെ ആളുകൾ രാജ്യംവിടുന്നത് ഭയമോ ആശങ്കയോ കൊണ്ടല്ലെന്നാണ് താലിബാന്റെ വാദം. ഇവിടത്തെ (താലിബാനിലെ) 70 ശതമാനം ആളുകളും ദരിദ്രരാണ്. അവർ കുറച്ചുകൂടി സമൃദ്ധമായി ജീവിക്കാനാണ് വീടുകൾ ഉപേക്ഷിച്ച് പോകുന്നത്. സാമ്പത്തിക കുടിയേറ്റമാണ് നടക്കുന്നതെന്നും അഫ്ഗാൻ ഒരു ദരിദ്രരാജ്യമായതിനാലാണ് മറ്റ് രാജ്യങ്ങളിൽ പോയി താമസിക്കാൻ അവർ ആഗ്രഹിക്കുന്നതെന്നും താലിബാൻ കൂട്ടിച്ചേർത്തു. പെൺകുട്ടികളുടെ വിദ്യാഭ്യാസം അവസാനിപ്പിച്ചതായുള്ള റിപ്പോർട്ടുകളും സുഹെയ്ൽ നിഷേധിച്ചു. അതെല്ലാം വ്യാജ വാർത്തകളാണ്. ഒരു സ്ത്രീകൾക്കും വിദ്യാഭ്യാസം നിഷേധിക്കില്ല. അഫ്ഗാനിസ്ഥാനിലെ മാധ്യമപ്രവർത്തകർ ഉൾപ്പെടെ ഒരു സ്ത്രീയുടെയും ജോലി നഷ്ടമാകില്ല. എന്നാൽ എല്ലാവരും ഹിജാബ് ധരിച്ചിരിക്കണം. അങ്ങനെയുള്ളവരെ ആരും എവിടെയും നിഷേധിക്കില്ലെന്നും സുഹെയ്ൽ അഭിമുഖത്തിൽ കൂട്ടിച്ചേർത്തു.

# ഓണക്കാലത്ത് കൺസ്യൂമർ ഫെഡിന് റെക്കോർഡ് വിൽപ്പന

കോഴിക്കോട്: ഓണ വിപണിയിൽ കൺസ്യൂമർ ഫെഡിന് ഇക്കുറി റെക്കോർഡ് കച്ചവടം. 150 കോടി രൂപയുടെ വിൽപ്പനയാണ് ഈ ഓണക്കാലത്ത് കൺസ്യൂമർ ഫെഡ് നടത്തിയത്. ഓണ വിപണികൾ, ത്രിവേണി സൂപ്പർ മാർക്കറ്റുകൾ എന്നിവ വഴി ഉത്രാടം വരെയുള്ള പത്തു ദിവസം 90 കോടിയുടെ വിൽപ്പനയും മദ്യ ഷോപ്പുകൾ വഴി 60 കോടിയുടെ വിദേശ മദ്യവിൽപ്പനയുമാണ് നടത്തിയത്.

വിദേശ മദ്യ വിൽപ്പനയിൽ വൻ വർധനവാണ് ഇക്കുറിയുണ്ടായിരിക്കുന്നത്. 36 കോടിയുടെ വിൽപ്പനയായിരുന്നു കഴിഞ്ഞ വർഷം ഉണ്ടായിരുന്നത്. സംസ്ഥാന സഹകരണ വകുപ്പ് മുഖേന കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ 2,000 ഓണ വിപണികളാണ് കേരളത്തിലെമ്പാടും പ്രവർത്തിച്ചത്.

കോവിഡ് രണ്ടാം തരംഗത്തിന്റെ ആഘാതത്തിൽ നിർജ്ജീവമായിരുന്ന വിപണിയിൽ ക്രിയാത്മകമായ ചലനമുണ്ടാക്കാൻ കൺസ്യൂമർ ഫെഡിന് കഴിഞ്ഞു, ഓണ വിപണികളിലൂടെയും ത്രിവേണി സൂപ്പർ മാർക്കറ്റുകളിലൂടെയും ശരാശരി 50 ശതമാനം വിലക്കുറവിൽ 13 ഇനം നിത്യോപയോഗ സാധനങ്ങളാണ് ഉപഭോക്താക്കളിലേക്ക് എത്തിച്ചത്. ഈയിനത്തിൽ 45 കോടിയും, 10 ശതമാനം മുതൽ 30 ശതമാനം വരെ വിലക്കുറവ് നൽകി മറ്റ് നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തി 45 കോടി രൂപയും നേടി.

കോവിഡ് മാർഗനിർദ്ദേശങ്ങളുടെയും നിയന്ത്രണങ്ങളുടെയും ഭാഗമായി എല്ലാ ദിവസവും എല്ലാ ഔട്ട്ലെറ്റുകളും ഓണച്ചന്തകളും തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല.

പൂഴ്ത്തിവയ്പ്പിനോ ക്രമക്കേടിനോ ഇടനൽകാതെ ജനകീയ മേൽനോട്ടത്തിൽ സാമൂഹിക പ്രതിബദ്ധതയോടെയാണ് കൺസ്യൂമർ ഫെഡിന്റെ ഓണച്ചന്തകൾ പ്രവർത്തിച്ചതെന്ന് ചെയർമാൻ എം മെഹബൂബ് പറഞ്ഞു. കൺസ്യൂമർ ഫെഡിന്റെ 39 വിദേശമദ്യ ശാലകളിൽ ഉത്രാട ദിനത്തിലെ വിൽപ്പനയിൽ ഒന്നാമതെത്തിയത് കുന്നംകുളത്തെ വിദേശമദ്യ ഷോപ്പാണ്. 60 ലക്ഷമാണ് ഇവിടെ ഒരു ദിവസം നടന്ന വിൽപ്പന. 58 ലക്ഷം രൂപയുടെ വിൽപ്പനയുമായി ഞാറക്കലിലെ ഷോപ്പും 56 ലക്ഷം രൂപയുടെ വിൽപ്പനയുമായി കോഴിക്കോട്ടെ ഷോപ്പും രണ്ടും മൂന്നും സ്ഥാനത്തുണ്ട്.

മാർക്കറ്റിൽ 225 രൂപ വിലയുള്ള വെളിച്ചെണ്ണ 92 രൂപയ്ക്കും 42 രൂപ വിലയുള്ള പഞ്ചസാര 22 രൂപയ്ക്കും 35 രൂപ വില അരി 25 രൂപയ്ക്കുമാണ് സർക്കാർ സബ്സിഡിയോടെ കൺസ്യൂമർ ഫെഡ് ഓണ വിപണിയിൽ ലഭ്യമാക്കിയത്.

# ജി7 രാജ്യങ്ങൾ താലിബാനെതിരെ സാമ്പത്തിക ഉപരോധം ഏർപ്പെടുത്തും

താലിബാനുമേൽ സാമ്പത്തിക ഉപരോധമേർപ്പെടുത്താനൊരുങ്ങി ബ്രിട്ടൺ. ഇന്ന് നടക്കുന്ന ജി 7 ഉച്ചകോടിയിൽ അഫ്ഗാൻ വിഷയം ചർച്ച ചെയ്യും. ബ്രിട്ടീഷ് പ്രധാനമന്ത്രി ബോറിസ് ജോൺസൺ ഞായറാഴ്ച ഇതുമായി ബന്ധപ്പെട്ട യോഗം വിളിച്ചു ചേർത്തിരുന്നു. അമേരിക്ക, ഇറ്റലി, ഫ്രാൻസ്, ജർമനി, കാനഡ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിലെ തലവന്മാരായിരുന്നു ഈ വിർച്ചൽ മീറ്റിംഗിൽ പങ്കെടുത്തിരുന്നത്. താലിബാൻ മനുഷ്യാവകാശ ലംഘനങ്ങൾ തുടരുകയും അവിടം ഭീകരവാദ പ്രവർത്തനങ്ങളുടെ താവളമാവുകയും ചെയ്യുകയാണെങ്കിൽ താലിബാനുമേൽ കർശനമായ സാമ്പത്തിക ഉപരോധം ഏർപ്പെടുത്തേണ്ടി വരുമെന്ന് ബ്രിട്ടീഷ് ഗവൺമെന്റ് ഉദ്യോഗസ്ഥൻ പറഞ്ഞു.

താലിബാനെതിരെ ഒരു സംയുക്ത സമീപനമാണ് ജി 7 രാജ്യങ്ങൾ ഉദ്ദേശിക്കുന്നതെന്നും ഇതിന്റെ ഭാഗമായി ജർമൻ ചാൻസലർ ആഞ്ചല മെർക്കൽ, ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ, ഇറ്റലിയൻ പ്രധാനമന്ത്രി മാരിയോ ദ്രാഗി എന്നിവരുമായി ചർച്ചകൾ നടത്തിയെന്നും ബോറിസ് ജോൺസൺ മാധ്യമങ്ങളോട് പറഞ്ഞു. കഴിഞ്ഞ 20 വർഷങ്ങളായുള്ള അഫ്ഗാന്റെ നേട്ടങ്ങൾ സംരക്ഷിക്കാനും സുരക്ഷിതമായ ഒഴിപ്പിക്കലുകൾ ഉറപ്പുവരുത്താനും അന്താരാഷ്ട്ര സമൂഹം ഒന്നിച്ചു നിൽക്കേണ്ടത് അത്യാവശ്യമാണെന്ന് ബോറിസ് ജോൺസൺ ട്വീറ്റ് ചെയ്തു.

അമേരിക്കയും ഈ ഉപരോധത്തെ പിന്തുണയ്ക്കുന്നു എന്നുള്ള പ്രാഥമിക റിപ്പോർട്ടുകളാണ് പുറത്തുവരുന്നത്.

അഫ്ഗാനിസ്ഥാനിൽ നിന്ന് ജനങ്ങളെ ഒഴിപ്പിക്കുന്നത് ശ്രമകരമാണെന്ന് അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു.

ഈ മാസം 31നകം അമേരിക്കൻ പൗരന്മാരെ തിരിച്ചെത്തിക്കാനുള്ള നടപടി പൂർത്തിയാക്കുമെന്നും, അതിനു ശേഷം താലിബാനെതിരെ ഉപരോധമേർപ്പെടുത്താൻ തയ്യാറാണെന്നുമാണ് അമേരിക്കയുടെ നിലപാട്.

അതേസമയം, സേനാബലം ഉപയോഗിച്ചും ആക്രമണങ്ങളിലൂടെയും അഫ്ഗാനിൽ അധികാരത്തിലെത്തുന്ന ഒരു ഭരണസംവിധാനത്തെയും അംഗീകരിക്കില്ലെന്ന നിലപാടാണ് ഇന്ത്യ, ജർമനി, ഖത്തർ, തുർക്കി തുടങ്ങിയ രാഷ്ട്രങ്ങളെല്ലാം നിലവിൽ സ്വീകരിച്ചിട്ടുള്ളത്.

# സംസ്ഥാനത്തെ ഏറ്റവും വലിയ ഡിജിറ്റൽ ഓണാഘോഷവുമായി ഐടി കമ്പനികളുടെ കൂട്ടായ്മ

തിരുവനന്തപുരം: സംസ്ഥാനത്തെ 154 എഞ്ചിനീയറിംഗ് കോളജുകളിലെ അയ്യായിരത്തോളം വിദ്യാർത്ഥികളെ അണി നിരത്തി ഏറ്റവും വലിയ ഡിജിറ്റൽ ഓണാഘോഷ പരിപാടിയുമായി കേരളത്തിലെ ഐടി കമ്പനികളുടെ കൂട്ടായ്മയായ ഗ്രൂപ്പ് ഓഫ് ടെക്നോളജി കമ്പനീസ് (ജിടെക്ക്). മ്യൂഓണം എന്ന് പേരിട്ടിരിക്കുന്ന മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന പരിപാടി ഇന്ന് (ബുധൻ) ആരംഭിക്കും. ട്രാവൻകൂർ, കൊച്ചി, മലബാർ എന്നീ മൂന്നു സോണുകളായി തിരിച്ച് വൈവിധ്യമാർന്ന ഡിജിറ്റൽ മത്സരങ്ങളാണ് ഈ പരിപാടിയുടെ ഭാഗമായി നടക്കുന്നത്. ഡിജിറ്റൽ ആർട്ട്, ഇൻസ്റ്റാഗ്രാം റീൽസ്, കോഡ് എ പൂക്കളം തുടങ്ങിയ മത്സര ഇനങ്ങളും ഉണ്ട്. ചാമ്പ്യൻഷിപ്പ് നേടുന്ന മേഖലയ്ക്ക് പുറമെ, വിജയികളാകുന്ന വിദ്യാർത്ഥികൾ, കോളജുകൾ, ജില്ലകൾ എന്നിവയ്ക്കും ക്യാഷ് അവാർഡ് നൽകും. എല്ലാ പരിപാടികളും പൂർണമായും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഓൺലൈൻ ആയാണ് സംഘടിപ്പിക്കുന്നതെന്ന് സംഘാടകർ അറിയിച്ചു.

'കല, സംസ്കാരം, പഠനം എന്നിവയുടെ സംയോജനമാണ് മ്യു ഓണം. കോഡിംഗും ഹാക്കിംഗ് കഴിവുകളും മെച്ചപ്പെടുത്താനും പൊതു അവബോധ സൃഷ്ടിക്കാനും സഹായിക്കുന്ന നവീന മത്സര ഇനങ്ങളാണ് മ്യൂ ഓണത്തിലൂടെ അവതരിപ്പിക്കുന്നതെന്ന് ജിടെക്കിന്റെ അക്കാദമി ആൻഡ് ടെക്നോളജി ഫോക്കസ് ഗ്രൂപ്പ് കൺവീനറും പരിപാടിയുടെ മുഖ്യ സംഘാടകനുമായ ദീപു എസ് നാഥ് പറഞ്ഞു. 'സാഹചര്യത്തിനൊത്തു മാറാനും അതിനോട് പൊരുത്തപ്പെടാനും നമുക്ക് കഴിയുമെന്ന് കോവിഡ് 19 തെളിയിച്ചിട്ടുണ്ട്. ഇത് തിരിച്ചുവരവിനുള്ള സമയമാണ്, യുവാക്കൾ മാറ്റത്തിന് നേതൃത്വം നൽകും. ഓണത്തിന്റെ മനോഹാരിതയും വികാരങ്ങളും നഷ്ടപ്പെടാതെ ആഘോഷങ്ങൾ നടത്താൻ ബദൽ മാർഗങ്ങൾ തേടുകയാണ് ഡിജിറ്റലായി ശാക്തീകരിക്കപ്പെട്ട കേരളം, അദ്ദേഹം പറഞ്ഞു. യുവജന കൂട്ടായ്മകളായ കൈറ്റ്സ് ഫൗണ്ടേഷനും ടിങ്കർ ഹബുമാണ് മത്സര പരിപാടികൾ നയിക്കുന്നത്. കോവിഡ് കാരണം കോളജുകൾ അടഞ്ഞു കിടക്കുന്നിനാൽ ഇതുവരെ പരസ്പരം കാണാനോ സാമൂഹിക ഇടപെടലിന് അവസരം ലഭിക്കാത്തവരുമായ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് മ്യൂഓണം വേറിട്ട അനുഭവമാകും. എഞ്ചിനീയറിങ് പഠനം രണ്ടാം വർഷത്തിലേക്ക് പ്രവേശിച്ചിട്ടും ഇതുവരെ മിക്ക സഹപാഠികളെയും കണ്ടിട്ടില്ലാത്ത തനിക്ക് മ്യൂ ഓണം മികച്ച അവസരമാകുമെന്ന് പാലക്കാട് ഗവ. എഞ്ചിനീയറിങ് കോളജ് വിദ്യാർത്ഥിനി ഏഞ്ചൽ റോസ് പറയുന്നു. സാമൂഹിക എക്സ്പോഷറും ഇടപെടലുകളും ഞങ്ങൾക്ക് പരിമിതമാണ്. മറ്റ് കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളുമായി ബന്ധപ്പെടാനും മത്സരിക്കാനും സഹകരിക്കാനുമുള്ള അവസരമാണിത്. ഈ പരീക്ഷണ ഘട്ടത്തിൽ ഇത് വലിയ ആശ്വാസമായിരിക്കും ഏഞ്ചൽ റോസ് പറഞ്ഞു.

# വിവാഹിത അന്യ പുരുഷനോടൊപ്പം താമസിക്കുന്നത് നിയമവിരുദ്ധം: രാജസ്ഥാൻ ഹൈക്കോടതി

ജയ്പുർ: അന്യ പുരുഷനോടൊപ്പം വിവാഹിതയായ സ്ത്രീ താമസിക്കുന്നത് നിയമവിരുദ്ധമാണെന്ന് രാജസ്ഥാൻ ഹൈക്കോടതി.

മുപ്പതുവയസ്സുള്ള യുവതിയും കൂടെ കഴിയുന്ന ഇരുപത്തിയേഴുകാരനായ യുവാവും സംയുക്തമായി സമർപ്പിച്ച ഹർജിയിലാണ് ഹൈക്കോടതി വിധി പ്രസ്താവിച്ചത്.

ജുൻജുനു ജില്ലയിൽ നിന്നുള്ള യുവതിയും യുവാവും സമർപ്പിച്ച ഹർജിയിൽ യുവതിയുടെ ഭർത്താവിൽ നിന്നും മറ്റു ബന്ധുക്കളിൽ നിന്ന് ഭീഷണി നേരിടുന്നതായും പൊലീസ് സംരക്ഷണം നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു.

എന്നാൽ സമാനമായ കേസിൽ രാജ്യത്തിന്റെ സാമൂഹികഘടനയ്ക്ക് കോട്ടമുണ്ടാക്കുന്ന വിധത്തിലുള്ള സ്ത്രീപുരുഷ ബന്ധം നിയമവിരുദ്ധമാണെന്നുള്ള അലഹബാദ് ഹൈക്കോടതിയുടെ നിരീക്ഷണം ജസ്റ്റിസ് സതീഷ് കുമാർ ശർമ ചൂണ്ടിക്കാട്ടുകയും പൊലീസ് സംരക്ഷണത്തിനുള്ള അപേക്ഷ തള്ളുകയുമായിരുന്നു.

തങ്ങൾ പ്രായപൂർത്തിയായവരാണെന്നും സ്വന്തം താല്പര്യപ്രകാരമാണ് ഒരുമിച്ച് കഴിയുന്നതെന്നും ഇരുവരും വിചാരണയ്ക്കിടെ കോടതിയെ അറിയിച്ചു.

ഗാർഹിക പീഡനത്തിനിരയായതിനെ തുടർന്നാണ് ഭർത്താവിനെ ഉപേക്ഷിച്ച് വേർപിരിഞ്ഞ് താമസിക്കുന്നതെന്നും യുവതി ഹർജിയിൽ സൂചിപ്പിച്ചിരുന്നു. ഹർജിക്കാരിയായ യുവതി വിവാഹിതയാണെന്നും വിവാഹമോചനം നേടാതെ രണ്ടാം ഹർജിക്കാരനായ യുവാവുമൊത്ത് താമസിച്ച് വരികയാണെന്നും കോടതിയിൽ ഹാജരാക്കിയ രേഖകളിൽ നിന്ന് വ്യക്തമാണെന്ന് ജസ്റ്റിസ് സതീഷ് കുമാർ ശർമ പറഞ്ഞു.

അതിനാൽ ഇരുവരും ഒന്നിച്ച് കഴിയുന്നത് നിയമവിരുദ്ധവും സാമൂഹികവിരുദ്ധവുമായ ബന്ധങ്ങളുടെ വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്നും ജസ്റ്റിസ് സതീഷ് കുമാർ ശർമ പ്രസ്താവിച്ചു.

ഹർജിക്കാർ ആവശ്യപ്പെട്ട പൊലീസ് സംരക്ഷണത്തിനുള്ള അപേക്ഷയും ജസ്റ്റിസ് സതീഷ് കുമാർ ശർമയുടെ സിംഗിൾ ജഡ്ജ് ബെഞ്ച് തള്ളി.

# ഓണത്തിന് 60 വില്പന കേന്ദ്രങ്ങളുമായി മിൽമ

തിരുവനന്തപുരം: ഓണനാളുകളിൽ ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം പാലും തൈരും മറ്റ് മിൽമ ഉല്പന്നങ്ങളും വാങ്ങിക്കുന്നതിന് വിപുലമായ സൗകര്യമൊരുക്കി മിൽമ. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ തെരഞ്ഞെടുക്കപ്പെട്ട 60 മിൽമ വില്പന കേന്ദ്രങ്ങളാണ് പ്രവർത്തിക്കുക. തിരുവനന്തപുരത്ത് 25 , കൊല്ലത്ത് 15 , പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ 10 വീതം കേന്ദ്രങ്ങളുമാണ് സജ്ജീകരിച്ചിരിക്കുന്നത്. ഇന്നും നാളെയും രാവിലെ അഞ്ച് മുതൽ രാത്രി ഒമ്പത് വരെയും 21 ന് രാവിലെ അ!ഞ്ച് മുതൽ ഉച്ചയ്ക്ക് ഒരു മണി വരെയുമാണ് പ്രവർത്തനസമയം. തിരുവനന്തപുരത്ത് കാര്യവട്ടം, കല്ലമ്പള്ളി, കുളത്തൂർ, അമ്പലത്തിൻമുക്ക്, വഞ്ചിയൂർ, പോത്തൻകോട്, വെഞ്ഞാറമൂട്, കന്യാകുളങ്ങര, കമലേശ്വരം, ആറ്റുകാൽ, വെള്ളയമ്പലം, തിരുമല, പൂജപ്പുര, പേയാട്, നെടുമങ്ങാട്, നെട്ടിറച്ചിറ, നന്തൻകോട്, മെഡിക്കൽ കോളജ്, കള്ളിക്കാട്, പുളിയറക്കോണം, ഉച്ചക്കട ജംഗ്ഷൻ, അരുമാനൂർ, നെടുങ്കാട്, കരമന എന്നിവിടങ്ങളിലെ മിൽമ വില്പന കേന്ദ്രങ്ങളിലും തിരുവനന്തപുരം ഡയറിക്കു കീഴിലുള്ള മറ്റ് മിൽമ സ്റ്റാളുകളിലും ഉല്പന്നങ്ങൾ ലഭിക്കും.

# പി.എസ്.സി പരിശീലനം

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫിഷറീസ് വകുപ്പ് പി.എസ്.സി പരിശീലനം നൽകുന്നു.

അപേക്ഷാ ഫോറവും വിശദ വിവരങ്ങളും മത്സ്യഭവനുകളിൽ ലഭ്യമാണ്.

അവസാന തീയതി ഓഗസ്റ്റ് 25. ബിരുദ തലത്തിൽ 50% മാർക്കോടെ വിജയിച്ച മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അപേക്ഷിക്കാം.

ഒരു വിദ്യാർഥിക്ക് ഒരു തവണ മാത്രമേ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

# കേരള മേയേഴ്സ് കൗൺസിൽ ഭാരവാഹികളെ തെരഞ്ഞെടുത്തു

കേരള മേയേഴ്സ് കൗൺസിലിന്റെ ഭാരവാഹികളെ തെരഞ്ഞെടുത്തു.

കൗൺസിലിന്റെ ആദ്യ യോഗം തിരുവനന്തപുരം നഗരസഭാ മേയറുടെ ചേമ്പറിൽ നടന്നു.

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മേയർ എം. അനിൽകുമാറിനെ പ്രസിഡന്റായും കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ മേയർ പ്രസന്ന ഏണസ്റ്റിനെ സെക്രട്ടറിയായും തെരഞ്ഞെടുത്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.